2025 ഒക്ടോബർ 23 വ്യാഴം

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ




# ശബരിമല സ്വർണക്കൊള്ളക്കേസ്; മുരാരി ബാബു അറസ്റ്റിൽ

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളക്കേസിൽ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു അറസ്റ്റിൽ. കേസിൽ രണ്ടാം പ്രതിയാണ് മുരാരി ബാബു. കഴിഞ്ഞ ദിവസം രാത്രി 10 മണിക്കാണ് പെരുന്നയിലെ വീട്ടൽ വെച്ച് ഇയാളെ കസ്റ്റഡിയിലെടുത്തത്. ഈഞ്ചയ്ക്കലിലെ ക്രൈം ബ്രാഞ്ച് ഓഫീസിൽ എത്തിച്ച് ഇയാളെ ചോദ്യം ചെയ്തിരുന്നു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന് പിന്നാലെയായിരുന്നു എസ്ഐടിയുടെ നിർണായക നീക്കം. വൈദ്യപരിശോധനയ്ക്കയി മുരാരി ബാബുവിനെ കൊണ്ടുപോകും. ശേഷം റാന്നി കോടതയിലെത്തിക്കുമെന്നാണ് ലഭിക്കുന്ന വിവരം.

ഗൂഢാലോചനയിൽ ഉൾപ്പെടെ നിർണായക വിവരങ്ങൾ ലഭിക്കുമെന്നാണ് എസ്ഐടിയുടെ പ്രതീക്ഷ. ഉണ്ണികൃഷ്ണൻ പോറ്റിയുമായി മുരാരി ബാബുവിനെ ഒരുമിച്ചിരുത്തി ചോദ്യം ചെയ്യുമെന്നാണ് വിവരം. മുരാരി ബാബുവിനെതിരെ പോറ്റി മൊഴി നൽകിയിരുന്നു. മുരാരി ബാബുവാണ് ശ്രീകോവിലിന് ഇരുവശത്തുമുള്ള സ്വർണം പൂശിയ ദ്വാരപാലക ശിൽപ്പങ്ങൾ ചെമ്പ് തകിട് എന്ന് തെറ്റായി രേഖപ്പെടുത്തിയത്. 2024ൽ ശബരിമല ദ്വാരപാലക ശിൽപത്തിലെ സ്വർണപ്പാളികൾ നവീകരണത്തിനായി ഉണ്ണികൃഷ്ണൻ പോറ്റിയുടെ കയ്യിൽ കൊടുത്തുവിടുന്നതിന് മുരാരി ബാബു ഇടപെട്ടതായി ദേവസ്വം വിജിലൻസ് കണ്ടെത്തിയിരുന്നു. കൂടാതെ ദ്വാരപാലക ശിൽപം നവീകരണത്തിനായി ഉണ്ണികൃഷ്ണൻ പോറ്റി വഴി ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽ എത്തിക്കാൻ മുരാരി ബാബു നീക്കം നടത്തിയെന്നും കണ്ടെത്തിയിരുന്നു.

സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് നേരത്തെ ഉണ്ണികൃഷ്ണൻ പോറ്റിയുടെ സുഹൃത്ത് അനന്തസുബ്രഹ്മണ്യത്തെ എസ്ഐടി ചോദ്യം ചെയ്തിരുന്നു. എല്ലാം ചെയ്തത് ഉണ്ണികൃഷ്ണൻ പോറ്റിയുടെ നിർദേശപ്രകാരമാണെന്നായിരുന്നു അനന്തസുബ്രഹ്മണ്യത്തിന്റെ മൊഴി. പോറ്റി പറഞ്ഞതുകൊണ്ടാണ് പാളികൾ ബെംഗളൂരുവിൽ കൊണ്ടുപോയതും നാഗേഷിന് കൈമാറിയതെന്നും അനന്തസുബ്രഹ്മണ്യം പ്രത്യേക അന്വേഷണ സംഘത്തിന് മൊഴി നൽകിയിരുന്നു. 2019ൽ ഉണ്ണികൃഷ്ണൻ പോറ്റിക്കുവേണ്ടി സന്നിധാനത്ത് നിന്നും സ്വർണപ്പാളികൾ ഏറ്റുവാങ്ങിയതും സ്വർണപ്പാളി ബെംഗളൂരുവിലേക്ക് കൊണ്ടുപോയതും അനന്തസുബ്രഹ്മണ്യം ആയിരുന്നു. ക്രൈംബ്രാഞ്ച് ഓഫീസിൽ ഉണ്ണികൃഷ്ണൻ പോറ്റി




ക്ക് ഒപ്പമിരുത്തിയാണ് ഇയാളെ ചോദ്യം ചെയ്തത്. ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ടിൽ അനന്തസുബ്രഹ്മണ്യത്തിന്റെ പങ്കിനെ പറ്റി വ്യക്തമാക്കിയിരുന്നു.

ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മിനിറ്റ്സ് പ്രത്യേക അന്വേഷണ സംഘം പിടിച്ചെടുത്തു. 2019ലെ മിനിറ്റ്സാണ് പിടിച്ചെടുത്തത്. സ്വർണം പൂശാനെടുത്ത യോഗ വിവരങ്ങൾ അടക്കമുള്ള കാര്യങ്ങളാണ് പിടിച്ചെടുത്ത മിനിറ്റ്സിലുള്ളത്. ദേവസ്വം ബോർഡിന്റെ മിനിറ്റ്സ് ബുക്ക് പിടിച്ചെടുക്കാനും അവ സുരക്ഷിതമായി എസ്ഐടി കസ്റ്റഡിയിൽ സൂക്ഷിക്കാനും ഹൈക്കോടതി നിർദേശിച്ചിരുന്നു. മിനിറ്റ്സിന്റെ പകർപ്പ് ഹൈക്കോടതി രജിസ്ട്രിക്ക് കൈമാറണമെന്നും എസ്ഐടിക്ക് ഹൈക്കോടതി നിർദേശം നൽകിയിരുന്നു. എന്നാൽ ഇതിന് മുൻപ് തന്നെ, കേസിലെ പ്രതിയായ ഉണ്ണികൃഷ്ണൻ പോറ്റിയെ കസ്റ്റഡിയിലെടുത്ത ദിവസം മിനിറ്റ്സ് പിടിച്ചെടുത്തതായാണ് വിവരം. സ്വർണക്കൊള്ളയിൽ സംസ്ഥാനത്തിന് പുറത്ത് ഗൂഢാലോചന നടത്തിയ സംഘത്തെ തിരിച്ചറിഞ്ഞതായാണ് സൂചന. ഇവർക്ക് നോട്ടീസ് നൽകി വിളിച്ചുവരുത്താനുള്ള നീക്കത്തിലാണ് അന്വേഷണ സംഘം.

നിലവിലെ ബോർഡിനെതിരായ പരാമർശം മാറ്റാൻ ഹൈക്കോടതിയെ സമീപിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് റിപ്പോർട്ടറിനോട് പറഞ്ഞിരുന്നു. ഉണ്ണികൃഷ്ണൻ പോറ്റിക്ക് ശിൽപ പാളികളും താങ്ങുപീഠവും കൈമാറാൻ പിഎസ് പ്രശാന്ത് നിർദേശം നൽകിയതായി ഇടക്കാല ഉത്തരവിൽ ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. സ്റ്റാൻഡിംഗ് കൗൺസിൽ വഴി അടുത്ത ദിവസം കോടതിയെ സമീപിക്കുമെന്നും തന്നെയോ ബോർഡിനേയോ ഇതിലേക്ക് വലിച്ചിഴക്കേണ്ട കാര്യമില്ലെന്നും പ്രശാന്ത് പറഞ്ഞു. സ്വർണപ്പാളികൾ കൈമാറ്റം ചെയ്തതിൽ പി എസ് പ്രശാന്തും എസ്ഐടിയുടെ അന്വേഷണ പരിധിയിലാണ്.

## പേരാമ്പ്രയിലെ സംഘർഷം പൊലീസിന്റെ ആസൂത്രിത ആക്രമണം; പൊലീസിൽ നിന്ന് പ്രവർത്തകരോട് അകന്ന് നിൽക്കാനാണ് പറഞ്ഞത് : ഷാഫി പറമ്പിൽ എം പി



കോഴിക്കോട്: കോഴിക്കോട് പേരാമ്പ്രയിൽ തന്നെ മർദിച്ചയാളെ തിരിച്ചറിയാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ എഐ ടൂളിന്റെ ആവശ്യമില്ലെന്ന് ഷാഫി പറമ്പിൽ എംപി. അന്നേ ദിവസം തന്നെ മർദിച്ചത് വടകര കൺട്രോൾ റൂം സിഐ അഭിലാഷ് ഡേവിഡ് ആണെന്നും ഷാഫി പറമ്പിൽ മാധ്യമങ്ങളോട് പറഞ്ഞു. മാഫിയ ബന്ധത്തിന്റെ പേരിൽ 2023 ജനുവരി 16ന് സസ്പെൻഷനിൽ പോയ പൊലീസ് ഉദ്യോഗസ്ഥനാണ് അഭിലാഷ് ഡേവിഡ്. പിന്നാലെ ഇയാളെ പിരിച്ചു വിട്ടു എന്ന് വാർത്ത വന്നതാണ്. പൊലീസ് സൈറ്റിൽ ഇയാളെ കുറിച്ച് കൂടുതൽ വിവരങ്ങൾ ഇല്ല. ഇയാൾ ഉൾപ്പെടെ മൂന്നു പേരെ പിരിച്ചു വിട്ട ശേഷം സർവീസിൽ തിരികെ കയറ്റിയതാണ്. വഞ്ചിയൂർ സിപിഎം ഏരിയ കമ്മിറ്റി ഓഫീസിലെ നിത്യസന്ദർശകനാണ് ഇയാളെന്നും ഷാഫി പറഞ്ഞു.

പേരാമ്പ്രയിൽ ആക്രമണം ഉണ്ടായത് ശബരിമല വിഷയം മാറ്റാനാണ്. ആസൂത്രിതമായ അക്രമമാണ് പൊലീസ് നടത്തിയത്. പൊലീസിന്റെ കൈയിൽ ഇരുന്ന ഗ്രനേഡ് പൊട്ടിയാണ് തനിക്ക് പരിക്കുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. പേരാമ്പ്രയിൽ സംഘർഷം ഒഴിവാക്കാനാണ് താൻ ശ്രമിച്ചത്. അതിന്റെ ദൃശ്യങ്ങൾ ഉണ്ട്. ഇത്ര വലിയ മർദനമേറ്റിട്ടും അവിടുന്നു ഓടി ആശുപത്രിയിൽ പോകാഞ്ഞത് പ്രവർത്തകരെ പിരിച്ചു വിടാൻ വേണ്ടിയാണ്. അവിടെ പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ശ്രമിച്ചത്. മർദിച്ചില്ലെന്ന് പറഞ്ഞ എസ്പിക്ക് പോലും അത് മാറ്റിപ്പറയേണ്ടി വന്നു. എഐ ടൂൾ ഉപയോഗിച്ച് ആളെ തിരിച്ചറിഞ്ഞു നടപടിയെടുക്കും എന്ന് പറഞ്ഞു. എന്നിട്ട് ഇതുവരെ ഒരു നടപടിയും ഉണ്ടായില്ല. സിപിഎം ഇടപെടലിനെ തുടർന്നാണ് എസ്പി അന്വേഷണം നിർത്തിയത്. ഇതുവരെ മൊഴി പോലും എടുത്തില്ല. റൂറൽ എസ്പിയുടെ ബൈറ്റ് പുറത്തു വന്ന ശേഷം ഇടപെടൽ ഉണ്ടായി. ഒരു ഉദ്യോഗസ്ഥൻ തന്നെയാണ് രണ്ടു തവണ അടിച്ചത്. മൂന്നാമത് അടിച്ചപ്പോൾ മറ്റൊരു ഉദ്യോഗസ്ഥൻ തടഞ്ഞു. അടിക്കുന്ന സമയത്ത് ഒരു സംഘർഷമോ കല്ലേറോ ഉണ്ടായിട്ടില്ല. പൊലീസിന്റെ കൈയിൽ ഇരുന്ന ഗ്രനേഡ് പൊട്ടിയാണ് പരിക്കുണ്ടായത്. ഗ്രനേഡ് കൈയിൽ വെച്ച് ഒരു കൈയിൽ ലാത്തി കൊണ്ട് ഡിവൈഎസ്പി ഹരിപ്രസാദ് അടിക്കാൻ ശ്രമിച്ചു. ഗ്രനേഡ് പരിശീലനത്തിന് പിന്നാലെ പൊലീസ് പരിശീലനം നൽകാൻ സർക്കുലർ ഇറക്കി. പൊലീസിന് ഗ്രനേഡ് എറിയാൻ അറിയില്ല എന്ന് വ്യക്തമായതോടെയല്ലേ കോഴിക്കോട് റൂറൽ പൊലീസിന് പരിശീലനം നടത്തിയത്. ഗ്രനേഡ് എറിയേണ്ടത് ആൾക്കൂട്ടത്തിന്റെ ഇടയിലേക്കല്ലെന്നും ഷാഫി പറഞ്ഞു. ശബരിമലയിൽ നടന്ന സ്വർണക്കൊള്ള വിശ്വാസികളും അവിശ്വാസികളും ക്ഷമിക്കില്ല. ഇത് മറച്ചു വെക്കാനാണ് പേരാമ്പ്രയിൽ പൊലീസ് ക്രൂരത അരങ്ങേറിയതെന്നും അദ്ദേഹം പറഞ്ഞു. നിയമ പോരാട്ടം തുടരുമെന്നും തെളിവുകൾ പാർലമെന്റ് പ്രിവിലേജ് കമ്മിറ്റിക്ക് കൈമാറുമെന്നും ഷാഫി പറഞ്ഞു. വാർത്താ സമ്മേളനത്തിൽ മുസ്ലിം ലീഗ് നേതാവ് പാറക്കൽ അബ്ദുള്ള, ആർ എം പി സംസ്ഥാന സെക്രട്ടറി എൻ വേണു എന്നിവരും പങ്കെടുത്തു.

## താമരശ്ശേരിയിലെ ഫ്രഷ് കട്ട് സംഘർഷത്തിൽ രണ്ടു കേസുകൾ കൂടി രജിസ്റ്റർ ചെയ്ത് പൊലീസ്; 250 പേർ പ്രതികൾ

കോഴിക്കോട്: താമരശ്ശേരിയിലെ ഫ്രഷ് കട്ടിനെതിരായ പ്രതിഷേധത്തിൽ രണ്ട് കേസുകൾ കൂടി രജിസ്റ്റർ ചെയ്ത് പൊലീസ്. കണ്ടാൽ അറിയാവുന്ന 250 പേർക്കെതിരെയാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്. ഫയർ ഫോഴ്സിന്റെ വാഹനം തടഞ്ഞതിനും ഫ്രഷ് കട്ടിന്റെ വാഹനം തടഞ്ഞുനിർത്തി കേടുപാടുകൾ വരുത്തിയതിനും ആണ് കേസ്.




ഫ്രഷ് കട്ട് പ്രതിഷേധത്തിൽ നേരത്തെ മൂന്ന് എഫ്ഐആറുകളിലായി 361 പേർക്കെതിരെ കേസെടുത്തിരുന്നത്. ഡിവൈഎഫ്ഐ കൊടുവള്ളി ബ്ലോക്ക് പ്രസിഡന്റും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അംഗവുമായ ടി മെഹറൂഫാണ് ഒന്നാം പ്രതി. കലാപം സൃഷ്ടിക്കൽ, വഴി തടയൽ, അന്യായമായി സംഘം ചേരൽ തുടങ്ങിയ വകുപ്പുകളിലായിരുന്നു കേസെടുത്തിരുന്നത്. സംഘർഷമുണ്ടാക്കിയതിലാണ് 321 പേർക്കെതിരെ കേസെടുത്തിരുന്നത്. സംഘർഷത്തിന് പുറമെ ഫ്രഷ് കട്ട് അറവുമാലിന്യ സംസ്കരണ പ്ലാന്റിന് തീയിട്ട സംഭവത്തിൽ 30 പേർക്കെതിരെ വധശ്രമത്തിന് പൊലീസ് കേസെടുത്തിരുന്നു. തൊഴിലാളികളെ കൊല്ലണമെന്ന ഉദ്ദേശത്തോടെ കണ്ടെയ്നർ ലോറി തീവെച്ച് നശിപ്പിച്ചുവെന്നും മാരകായുധങ്ങളും സ്ഫോടക വസ്തുക്കളും ഉപയോഗിച്ചുവെന്നും എഫ്ഐആറിൽ പറയുന്നുണ്ട്. പ്ലാന്റും വാഹനങ്ങളും കത്തിനശിപ്പിച്ചതിൽ ഫ്രഷ് കട്ടിന് അഞ്ച് കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കുന്നത്.

തിരുവമ്പാടി സ്റ്റേഷനിലെ എഎസ്ഐയെ മർദിച്ചതിൽ പത്തോളം പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. മൊബൈലിൽ സംഘർഷത്തിന്റെ ദൃശ്യങ്ങൾ ചിത്രീകരിച്ച എഎസ്ഐയെ അക്രമിച്ചെന്നും 45000 രൂപയുടെ മൊബൈൽ കവർച്ച ചെയ്തെന്നും എഫ്ഐആറിൽ പറയുന്നു. ഇന്നലെ വൈകീട്ടാണ് കട്ടിപ്പാറയിലെ ഫ്രഷ് കട്ടിന്റെ അറവുമാലിന്യ സംസ്കരണ പ്ലാന്റിന് മുന്നിൽ സമരക്കാരും പൊലീസും ഏറ്റുമുട്ടിയത്.

നാട്ടുകാർ നടത്തിയ പ്രതിഷേധം സംഘർഷത്തിൽ കലാശിക്കുകയായിരുന്നു. സമരക്കാർ പ്ലാന്റിന് തീവെക്കുകയും ഫ്രഷ് കട്ടിന്റെ മാലിന്യ ശേഖരണ വാഹനങ്ങൾക്ക് നേരെ കല്ലെറിയുകയും ചെയ്തു. കല്ലേറിൽ പൊലീസുകാർക്ക് പരിക്കേറ്റു. പിന്നാലെ പ്രതിഷേധക്കാർക്ക് നേരെ പൊലീസ് കണ്ണീർ വാതകം പ്രയോഗിച്ചു.


ദുർഗന്ധം വമിക്കുന്നതായും പുഴയിലേക്ക് മാലിന്യം ഒഴുക്കുന്നതായും ആരോപിച്ച് നേരത്തെയും ഫ്രഷ് കട്ടിന്റെ അറവ് മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ പ്രദേശത്ത് പ്രതിഷേധം ഉണ്ടായിരുന്നെങ്കിലും ഇത് ആദ്യമായാണ് സംഘർഷത്തിലെത്തുന്നത്. പ്ലാന്റിന് പുറമെ ഫ്രഷ് കട്ട് വാഹനങ്ങളും അഗ്നിക്കിരയാക്കി.

## എൻ എം വിജയന്റെ ആത്മഹത്യ: ഐ സി ബാലകൃഷ്ണൻ ഒന്നാം പ്രതി; പൊലീസ് കുറ്റപത്രം സമർപ്പിച്ചു

കൽപറ്റ: വയനാട് ഡിസിസി ട്രഷറർ ആയിരുന്ന എൻ.എം. വിജയനും മകൻ ജിജേഷും ജീവനൊടുക്കിയ സംഭവവുമായി ബന്ധപ്പെട്ട ആത്മഹത്യാ പ്രേരണ കേസിൽ ഐ.സി.ബാലകൃഷ്ണൻ എംഎൽഎയെ ഒന്നാം പ്രതിയാക്കി അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചു. വയനാട് ഡിസിസി മുൻ പ്രസിഡന്റ് എൻ.ഡി.അപ്പച്ചൻ, മുൻ ട്രഷറർ കെ.കെ.ഗോപിനാഥൻ എന്നിവരാണ് കേസിലെ രണ്ടും മൂന്നും പ്രതികൾ. കേസിൽ നേരത്തെ അറസ്റ്റിലായ മൂന്നു പ്രതികൾക്കും മുൻകൂർ ജാമ്യം ലഭിച്ചിരുന്നു.

ബത്തേരി ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിലാണ് അന്വേഷണ സംഘ തലവനും ബത്തേരി ഡിവൈഎസ്പിയുമായ കെ.കെ.അബ്ദുൽ ഷരീഫ് കുറ്റപത്രം സമർപ്പിച്ചത്. സഹകരണ ബാങ്കുകളിലെ നിയമനക്കോഴയുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് എൻ.എം.വിജയന്റെയും മകന്റെയും മരണത്തിലേക്കു നയിച്ചതെന്ന് കുറ്റപത്രത്തിൽ പറയുന്നു. നിയമനക്കോഴയുമായി ബന്ധപ്പെട്ട വിജിലൻസ് കേസിലും ഐ.സി.ബാലകൃഷ്ണൻ എംഎൽഎ ഒന്നാം പ്രതിയാണ്.






നിയമനക്കോഴയുമായി ബന്ധപ്പെട്ട് വിജയന്റെ കത്തുകളിൽ പരാമർശിച്ച സാമ്പത്തിക ഇടപാടുകളും ബാധ്യതകളും വിശദമാക്കുന്ന നൂറോളം സാക്ഷിമൊഴികളും ബത്തേരി കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിലുണ്ട്. ഒന്നര കോടിയോളം രൂപയുടെ ബാധ്യത വിജയന് ഉണ്ടായിരുന്നതായാണ് അന്വേഷണ സംഘത്തിന്റെ കണ്ടെത്തൽ.

നേതാക്കളും പണം നൽകിയവരുമായി എൻ.എം.വിജയൻ നടത്തിയ ഫോൺ വിളികളുടെ വിവരങ്ങളും ഓഡിയോ ക്ലിപ്പുകളും ഡിജിറ്റൽ തെളിവുകളും വിജയന്റെ ഡയറിക്കുറിപ്പുകളിലെ വിശദാംശങ്ങളും കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. എൻ.എം.വിജയന്റെ ആത്മഹത്യാക്കുറിപ്പിൽ എംഎൽഎ ഉൾപ്പെടെയുള്ളവരുടെ പേരുണ്ടായിരുന്നു.

ഐ.സി.ബാലകൃഷ്ണൻ, എൻ.ഡി.അപ്പച്ചൻ, കെ.കെ.ഗോപിനാഥൻ, പി.വി.ബാലചന്ദ്രൻ എന്നിവരാണ് മരണത്തിനു കാരണക്കാരെന്നാണ് ആത്മഹത്യാക്കുറിപ്പിൽ പറയുന്നത്. ഇതിൽ മുൻ ഡിസിസി പ്രസിഡന്റായിരുന്ന പി.വി.ബാലചന്ദ്രൻ 2023 ൽ അസുഖബാധയെത്തുടർന്ന് അന്തരിച്ചു. കെപിസിസി മുൻ നിർവാഹക സമിതിയംഗം കൂടിയായിരുന്ന അദ്ദേഹം അഭിപ്രായഭിന്നതകളെത്തുടർന്ന് 2021 ൽ കോൺഗ്രസ് വിട്ട് സിപിഎമ്മിൽ ചേർന്നിരുന്നു.

നിയമനക്കോഴയുമായി ബന്ധപ്പെട്ട് എൻ.എം.വിജയന്റെ കുടുംബം ഉയർത്തിയ ആരോപണ വിവാദങ്ങൾക്കിടെ, വിജയന്റെ സാമ്പത്തിക ബാധ്യത കെപിസിസി നേതൃത്വം ഏറ്റെടുത്തിരുന്നു. 69 ലക്ഷം രൂപയുടെ ബാധ്യതയിൽ പിഴപ്പലിശയും മറ്റും ഒഴിവാക്കി 58.23 ലക്ഷം രൂപയാണ് കഴിഞ്ഞമാസം കെപിസിസി അടച്ചുതീർത്തത്. സ്വകാര്യ ബാങ്കിൽ വിജയന്റെ കുടുംബത്തിനുണ്ടായിരുന്ന കടബാധ്യത തീർക്കാൻ 20 ലക്ഷം രൂപ നേരത്തേ കോൺഗ്രസ് നേതൃത്വം കുടുംബത്തിനു നൽകിയിരുന്നു.

## 'സിറ്റ് ടു വിൻ' ആരും സ്വയം സ്ഥാനാർത്ഥികളാവരുത്; ആരെയും സ്ഥാനാർത്ഥിയാക്കുമെന്ന് വാക്ക് നൽകരുത് : കെ സി വേണുഗോപാൽ

കോഴിക്കോട്: തദ്ദേശ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ നേതാക്കൾക്കും പ്രവർത്തകർക്കും നിർദേശവുമായി എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപൽ എംപി. വരാനിരിക്കുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ആരും സ്വയം സ്ഥാനാർഥികളായി മുന്നോട്ടുവരരുതെന്നും ആരെയും സ്ഥാനാർഥിയാക്കുമെന്ന് വാക്ക് നൽകരുതെന്നും കെ സി വേണുഗോപാൽ പറഞ്ഞു. കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ 'സിറ്റ് ടു വിൻ' നേതൃക്യാമ്പിന്റെ ഉദ്ഘാടനപ്രസംഗത്തിലാണ് കെ സി ഇക്കാര്യം പറഞ്ഞത്.



യുഡിഎഫിന്റെ വിജയത്തെ തടയാൻ കോൺഗ്രസ് പാർട്ടിയിലെ അനൈക്യം മാത്രമേ കാരണമായുള്ളൂ. ഈ വസ്തുതയെ മനസ്സിലാക്കി വർധിതമായ ഐക്യത്തോടെ മുന്നോട്ടുപോകാൻ കോൺഗ്രസ് പ്രവർത്തകർ തയ്യാറാകണം. കോൺഗ്രസിൽ പ്രശ്നങ്ങൾ വരുത്തിതീർക്കാൻ ഒരു വിഭാഗം മാധ്യമങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയണം. നേതാക്കന്മാർ ചാനലുകളെ കാണുമ്പോൾ ജാഗ്രത പാലിക്കണം. പാവപ്പെട്ട പ്രവർത്തകരുടെ മനോവീര്യം തകർക്കുന്ന ഒരു വാക്കുപോലും ആരും പറയരുതെന്നും കെ സി പറഞ്ഞു.

ജില്ലയിലെ കെപിസിസി മെമ്പർമാർ, ഡിസിസി ഭാരവാഹികൾ, ഡിസിസി എക്സിക്യൂട്ടീവ് അംഗങ്ങൾ, ബ്ലോക്ക്-മണ്ഡലം പ്രസിഡന്റുമാർ എന്നിവരുൾപ്പെടെ 319 പേർ പങ്കെടുത്ത ക്യാമ്പിലാണ് നേതാവിന്റെ പ്രതികരണം. ഐക്യത്തോടെയുള്ള പ്രവർത്തനവും കുറ്റമറ്റരീതിയിലുള്ള സ്ഥാനാർഥിനിർണയവും ഉറപ്പുവരുത്തണമെന്ന് ക്യാമ്പിൽ മുഖ്യപ്രഭാഷണം നടത്തിയ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് എംഎൽഎ പറഞ്ഞു. സ്ഥാനാർഥികളെ പ്രാദേശികതലത്തിൽ സമവായത്തിലൂടെ കണ്ടെത്തണം. അന്യായമായ ഒരു ഇടപെടലും ഒരു നേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടാകരുത്. നേതാക്കൾ പക്ഷംപിടിക്കരുത്. മധ്യസ്ഥ നിലപാട് സ്വീകരിക്കണമെന്നും സണ്ണി ജോസഫ് വ്യക്തമാക്കി.

സ്ഥാനാർഥികളായി താഴേത്തട്ടിൽ നിന്നുള്ളവരെമാത്രം കണ്ടെത്തണമെന്നും ജനങ്ങൾ അംഗീകരിക്കുന്ന ജനസമ്മതനായ ജയസാധ്യതയുള്ളവരെ മാത്രം സ്ഥാനാർഥികളായി കണ്ടെത്തണമെന്നും ക്യാമ്പിൽ അഭിപ്രായമുയർന്നു. തെരഞ്ഞെടുപ്പിനെ നേരിടാനുള്ള മാർഗരേഖ ഡിസിസി പ്രസിഡന്റ് കെ പ്രവീൺകുമാർ ക്യാമ്പിൽ അവതരിപ്പിച്ചു.

## ഗോവയിൽ വാഹനാപകടം; അഗ്നിവീർ നാവികസേനാംഗമായ കണ്ണൂർ സ്വദേശി ഉൾപ്പെടെ രണ്ട് പേർ മരിച്ചു

ശാസ്താംകോട്ട(കൊല്ലം): ഗോവയിലെ അഗസ്സൈമിൽ ഇന്നലെ പുലർച്ചെ ഒന്നോടെയുണ്ടായ ബൈക്ക് അപകടത്തിൽ മലയാളികളായ രണ്ട് അഗ്നിവീർ നാവികസേനാംഗങ്ങൾ മരിച്ചു. ശൂരനാട് വടക്ക് നടുവിലേമുറി അനിഴം വീട്ടിൽ പ്രസന്നകുമാറിന്റെ മകൻ ഹരിഗോവിന്ദ് (22), കണ്ണൂർ സ്വദേശി വിഷ്ണു (21) എന്നിവരാണ് മരിച്ചത്.



കൊച്ചിയിലെ നാവികസേനാ ആസ്ഥാനത്തുനിന്നു ഗോവയിൽ സ്പെഷ്യൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ഇരുവരും ജോലികഴിഞ്ഞ് ബേസ് ക്യാമ്പിലേക്ക് മടങ്ങുന്നതിനിടയിൽ അഗസയിമിനും, ബാംബോലിം ഹോളിക്രോസ് പള്ളിക്കും ഇടയിലായിരുന്നു അപകടം.

അവർ സഞ്ചരിച്ചിരുന്ന ബൈക്ക് നിയന്ത്രണംവിട്ട് പാതയോരത്തെ ഡിവൈഡറിൽ ഇടിച്ചുമറിഞ്ഞാണ് അപകടമെന്നാണ് ലഭിച്ച വിവരം. ചൊവ്വാഴ്ചയാണ് ഹരിയുൾപ്പെടെയുള്ള സേനാംഗങ്ങൾ നാവികസേനയുടെ കപ്പൽമാർഗം ഗോവയിലെത്തിയത്. നാലുവർഷത്തെ അഗ്നിവീർ സേവനത്തിന്റെ മൂന്നാംവർഷത്തിലായിരുന്നു.

മൃതദേഹം ഗോവ മെഡിക്കൽ കോളേജ് (ജിഎംസി) ആശുപത്രി മോർച്ചറിയിൽ. ഇന്നലെ രാവിലെ നേവി ഉദ്യോഗസ്ഥർ മോർച്ചറിയിലെത്തി മൃതദേഹങ്ങൾ തിരിച്ചറിഞ്ഞു. ഹരിഗോവിന്ദിന്റെ ബന്ധുക്കൾ ഗോവയിലേക്ക് പുറപ്പെട്ടു. കൊല്ലം ജില്ലാ ആശുപത്രിയിൽ ഹെഡ് നഴ്സായ പി.കെ. ഷീജയാണ് ഹരിഗോവിന്ദിന്റെ അമ്മ. സഹോദരി: ഡോ. അനന്യ പ്രസന്നൻ.

## മൂന്നാം ദിനവും സ്വർണവില ഇടിഞ്ഞു



തിരുവനന്തപുരം: സംസ്ഥാനത്ത് സ്വർണവില തുടർച്ചയായ മൂന്നാം ദിനവും ഇടിഞ്ഞു. ഇന്ന് പവന് 600 രൂപയാണ് കുറഞ്ഞത്. ഇതോടെ കേരളത്തിൽ സ്വർണവില 92,000 ത്തിന് താഴെയെത്തി. ഇന്നലെ രണ്ട് തവണയായി 3,440 രൂപയാണ് പവന് കുറഞ്ഞത്. അന്താരാഷ്ട്ര വില കുത്തനെ ഇടിഞ്ഞതാണ് സംസ്ഥാനത്ത് സ്വർണവില കുറയാനുള്ള കാരണം. ഒരു പവൻ 22 കാരറ്റ് സ്വർണത്തിന്റെ വിപണി വില നിലവിൽ 91,720 രൂപയാണ്. ഏറ്റവും കുറഞ്ഞ പണിക്കൂലിയായ 5 ശതമാനവും ജിഎസ്ടി 3 ശതമാനവും ഹാൾമാർക്കിങ് ചാർജും ചേർത്താൽ ഇന്ന് ഒരു പവൻ സ്വർണാഭരണം വാങ്ങാൻ ഒരു ലക്ഷത്തിനടുത്ത് നൽകണം.

## തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി കോൺഗ്രസ് ഇന്ന് പ്രഖ്യാപിച്ചേക്കും

ന്യൂഡൽഹി: മഹാസഖ്യത്തിൽ ഭിന്നതകൾ തുടരുന്നതിനിടെ ബിഹാറിൽ ആർജെഡി നേതാവ് തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി അംഗീകരിക്കാൻ തയ്യാറായി കോൺഗ്രസ് നേതൃത്വം. ഇന്ന് ഇക്കാര്യത്തിൽ പ്രഖ്യാപനമുണ്ടായേക്കും.



മഹാസഖ്യത്തിന്റെ മുഖം താനാണെന്ന തരത്തിലുള്ള തേജസ്വി യാദവിന്റെ പ്രസ്താവന മുന്നണിയിൽ അതൃപ്തിയുണ്ടാക്കിയിരുന്നു. എന്നാൽ ബിഹാർ തെരഞ്ഞെടുപ്പ് സംബന്ധിച്ച് മുന്നണിയിലുണ്ടായിട്ടുള്ള പ്രശ്നങ്ങളെ പരിഹരിച്ച് മുന്നോട്ടു പോകാനാണ് കോൺഗ്രസിന്റെ തീരുമാനം. സീറ്റ് എണ്ണത്തിൽ പരമാവധി വിട്ടുവീഴ്ചയ്ക്ക് തയ്യാറാണെന്നാണ് കോൺഗ്രസിന്റെ വാദം. നിലവിൽ 12 സീറ്റുകളിൽ മഹാസഖ്യത്തിലെ സ്ഥാനാർത്ഥികൾ പരസ്പരം മത്സരിക്കുന്നുണ്ട്.

സീറ്റ് വിഭജന ചർച്ചകൾക്ക് പിന്നാലെയാണ് ഇൻഡ്യ സഖ്യത്തിൽ പ്രശ്നങ്ങളുയർന്നത്. അത് മറികടക്കാനുള്ള ശ്രമത്തിലാണ് നേതൃത്വം. സീറ്റ് ധാരണ, മുഖ്യമന്ത്രി സ്ഥാനാർത്ഥി എന്നിവയിൽ പട്നയിൽ നടത്തുന്ന സംയുക്ത വാർത്താ സമ്മേളനത്തിൽ ഔദ്യോഗിക പ്രഖ്യാപനമുണ്ടാകും. ചർച്ചകൾക്കായി എഐസിസി നിരീക്ഷകൻ അശോക് ഗെഹ്ലോട്ട് പട്നയിൽ എത്തിയിട്ടുണ്ട്.

അതേസമയം, ബിഹാറിൽ സജീവമായ എൻഡിഎ, സ്ഥാനാർത്ഥികളുടെ പ്രചാരണം ആരംഭിച്ചിട്ടുണ്ട്. പ്രചാരണത്തിനായി ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഇന്ന് ബിഹാറിലെത്തും. തെരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട നാമനിർദേശപത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

## ശബരിമല സ്വർണകവർച്ച: മുഴുവൻ കുറ്റവാളികളെയും പിടികൂടണം

ശബരിമലയിൽ നടന്ന സ്വർണ്ണ കവർച്ചയിൽ ഭാഗഭാക്കായ മുഴുവൻ പ്രതികളെയും പിടികൂടി നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. ശബരിമലയിൽ നടന്ന സ്വർണ്ണകവർച്ച സംബന്ധിച്ച വാർത്ത കേരളം ഞെട്ടലോടെയാണ് ശ്രവിച്ചത്. ഈ കേസ് ആദ്യം അന്വേഷിച്ച ദേവസ്വം ഇന്റലിജൻസ് എസ് പി യുടെ റിപ്പോർട്ടിൽ ഇക്കാര്യത്തിൽ നടന്ന ഗൂഡാലോചനയെ കുറിച്ച് സൂചിപ്പിച്ചിരുന്നു. ഈ കവർച്ചയിൽ ഒരു ലോബിയുണ്ട്. എന്നാണ് തുടരന്വേഷണങ്ങൾ വ്യക്തമാക്കുന്നത്. ഹൈക്കോടതി നിർദ്ദേശപ്രകാരം കേസ് അന്വേഷിക്കുന്നത് സ്പെഷ്യൽ ടീം കോടതിയിൽ സമർപ്പിച്ച വിവരങ്ങൾ അടച്ചിട്ട മുറിയിൽ വെച്ച് നേരിട്ട് ചോദിച്ചറിഞ്ഞതിന് ശേഷം ഇക്കാര്യത്തിൽ നടന്ന ക്രിമിനിൽ ഗൂഢാലോചന കണ്ടെത്താൻ തിരുവിതാംകൂർ ജേവസ്വം ബോർഡിന്റെയടക്കം പങ്ക് അന്വേഷിക്കാനാണ് അന്വേഷണ സംഘത്തോട് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഈ കേസിലെ മുഖ്യസൂത്രധാരകനായ ഉണ്ണികൃഷ്ണൻ പോറ്റിയെ ചോദ്യം ചെയ്തപ്പോൾ അയാൾ നൽകിയ മൊഴികളുടെ അടിസ്ഥാനത്തിൽ അന്വേഷിക്കാൻ ബാംഗ്ലൂർ കേന്ദ്രീകരിച്ചുള്ള ചിലരും ഇതിൽ ഉണ്ട് എന്നാണ് മനസ്സിലാവുന്നത്.

ദ്വാരപാലകശിൽപ്പങ്ങളുടെ സ്വർണ്ണ പാളികൾ അറ്റകുറ്റപ്പണികൾ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽ കൊണ്ടുപോകാനായി ഇളക്കിയെടുത്തെങ്കിലും 39 ദിവസം കഴിഞ്ഞാണ് അവിടെയെത്തിയത്. ഇക്കാലയളവിൽ കൃത്രിമം നടന്നതാണോ എന്ന് കൂടി കണ്ടെത്തേണ്ടതുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റി വ്യവസായികളിൽ നിന്നടക്കം ലക്ഷങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് അയാളുടെ സുഹൃത്ത് അനന്തകൃഷ്ണൻ എസ്എടിക്ക് മൊഴി നൽകിയിട്ടുണ്ട്. ഇങ്ങനെ വാങ്ങിയ പണം ദേവസ്വം ബോർഡ് അംഗങ്ങൾക്കോ, ദേവസ്വം ഉദ്യോഗസ്ഥർക്കോ ലഭിച്ചിട്ടുണ്ടോ എന്നും അന്വേഷണത്തിലൂടെ കണ്ടെത്തേണ്ടതുണ്ട്. വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം നൽകുന്ന പണമാണ് ശബരിമലയിലേത്. സ്വർണ്ണവും മറ്റും ഇവിടെ ലഭിക്കുന്ന സമ്പത്ത് കൊള്ളയടിച്ചവർ ആരായാലും അവരെ പിടികൂടുക തന്നെ വേണം. തിരുവിതാംകൂർ ദേവസ്വം ഇപ്പോൾ അന്വേഷണപരിധിയിൽ വന്നിരിക്കുകയാണ്. നിലവിലുള്ള ദേവസ്വം ബോർഡും പഴയ ബോർഡും ഇക്കാര്യത്തിൽ മറുപടി പറയേണ്ടതുണ്ട്. ശബരിമലയിലെ സ്വർണ്ണകവർച്ച നാടിന് അപമാനമാണ്. എല്ലാ ആരാധാനാ കേന്ദ്രങ്ങളിലും നടക്കുന്ന സാമ്പത്തികമടക്കമുള്ള കാര്യങ്ങൾ സൂക്ഷ്മമായി വിലയിരുത്താൻ സംവിധാനമുണ്ടാകണമെന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്. ആ ദിശയിൽ പരിശോധനകൾ നടത്തി ഭക്തരുടെ വിശ്വാസം സംരക്ഷിക്കാൻ സർക്കാർ ജാഗ്രത പുലർത്തണം.

# ആയുഷ് മേഖലയിൽ കേരളത്തിന്റെ മുന്നേറ്റം

കേരളത്തിൽ ആയുഷ് വകുപ്പ് ആരോഗ്യമേഖലയിലെ പ്രവർത്തനനേട്ടങ്ങളുടെ സരണിയിൽ മഹത്തായൊരധ്യായംകൂടി തുന്നിച്ചേർക്കപ്പെടുന്നു. ആയുർവേദം, യോഗ-പ്രകൃതി ചികിത്സ, യൂനാനി, സിദ്ധ, ഹോമിയോപ്പതി ചികിത്സാ സമ്പ്രദായങ്ങളുടെ സമന്വിതരൂപമായ ആയുഷ് വകുപ്പ് ഓരോ മലയാളിയുടെയും ചിരകാല സ്വപ്നമാണ് പൂവണിയുന്നത്. ജീവിത ശൈലീരോഗങ്ങളെ ഉന്മൂലനം ചെയ്യാൻ ആയുഷ് ചികിത്സാസമ്പ്രദായങ്ങൾക്കും അലോപ്പതിക്കും തുല്യപ്രാധാന്യം നൽകി പ്രവർത്തിക്കുന്ന, ദീർഘവീക്ഷണത്തോടുകൂടിയ മറ്റൊരു ചുവടുവെപ്പാണിത്.

ആയുഷ് ചികിത്സക്ക് ആഗോളതലത്തിൽ പ്രസക്തി വർധിച്ച കാലഘട്ടമാണിത്. ശാസ്ത്രീയമായ ആരോഗ്യസംരക്ഷണത്തിന് രോഗം ബാധിച്ച് ചികിത്സിക്കുന്നതിനേക്കാൾ പ്രാധാന്യമുണ്ടെന്ന തിരിച്ചറിവാണ് ആയുഷിന്റെ ജനപ്രീതിക്ക് നിദാനം. ഇന്ത്യയിൽ ആയുഷ് വകുപ്പ് രൂപീകരിക്കുന്ന മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. ഹിമാചൽപ്രദേശും രാജസ്ഥാനുമാണ് മുന്നിലുള്ളത്.രോഗ-പ്രതിരോധ ചികിത്സാമേഖല ശക്തമാക്കുക, ആയുഷ് രംഗത്തെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, ഔഷധങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുക, ഔഷധസസ്യങ്ങളുടെ ലഭ്യത വർധിപ്പിക്കുക തുടങ്ങിയവയാണ് ആയുഷ് വകുപ്പ് രൂപീകരണലക്ഷ്യങ്ങൾ.

ഔഷധസസ്യങ്ങളെ ആശ്രയിച്ചുള്ള മരുന്നുകൾ ഗവേഷണങ്ങളിലൂടെ വികസിപ്പിച്ച് വാണിജ്യാടിസ്ഥാനത്തിൽ ലോകവിപണിയിൽ ലഭ്യമാക്കിയാൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാതലായ മുന്നേറ്റമുണ്ടാകുമെന്ന് ഇയ്യിടെ അന്തരിച്ച മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാം അഭിപ്രായപ്പെട്ടത് അനുസ്മരണീയമാണ്.

ആയുർവേദത്തിന്റെ ഈറ്റില്ലമായ കേരളത്തിലെ ജനങ്ങൾ, പ്രകൃതിയുമായി തന്മയീഭാവം പുലർത്തുന്ന ആയുഷ് ചികിത്സാരീതികളോട് ചരിത്രാതീതകാലം മുതൽ ആഭിമുഖ്യം പുലർത്തിപ്പോന്നു. ആർഷഭാരത സംസ്കാരത്തിന്റെ മഹത്തായ സംഭാവനയാണ് ആയുർവേദം. ആരോഗ്യപൂർണമായ ജീവിതത്തിനുതകുന്ന ജീവിതചര്യകൾ, ശീലങ്ങൾ, ആഹാരരീതികൾ മുതലായവ പ്രതിപാദിക്കുന്ന ആയുർവേദം, രോഗപ്രതിരോധത്തിനാണ് ഊന്നൽ നൽകുന്നത്.

ഓരോ വ്യക്തിയും ശാരീരിക-മാനസികസ്ഥിതിയനുസരിച്ച്, ആരോഗ്യം നിലനിർത്തുന്നതിന്, അല്ലെങ്കിൽ ആർജിക്കുന്നതിന് എന്തെല്ലാം അനുഷ്ഠിക്കണമെന്ന് ആയുർവേദം പ്രതിപാദിക്കുന്നു. പാർശ്വഫലങ്ങൾ പരിമിതമായ ആയുർവേദ ചികിത്സക്ക്, ഒരു രോഗത്തെ ചികിത്സിക്കുമ്പോൾ മറ്റു രോഗങ്ങൾ ഉണ്ടാകരുതെന്ന് നിർബന്ധമുണ്ട്.

പ്രമേഹ ചികിത്സക്കുള്ള ജീവനി, കുട്ടികളുടെ ആരോഗ്യത്തിനുള്ള ബാലമുകുളം, നേത്രരോഗങ്ങൾക്കായി ദൃഷ്ടി, വയോജന ആരോഗ്യത്തിനായി വയോ അമൃതം, പക്ഷാഘാത രോഗികൾക്കായി പുനർന്നവ, കുട്ടികളുടെ അമിതവണ്ണത്തിനുള്ള കൗമാരസ്ഥൗല്യം, കൗമാരപ്രായത്തിലെ ആർത്തവ പ്രശ്നങ്ങൾക്ക് ഋതു, വിളർച്ചാ രോഗങ്ങൾക്ക് പ്രസാദം, പാലിയേറ്റീവ് കെയറിനായി സ്നേഹധാര, അട്ടപ്പാടിയിലെ കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യത്തിനായി സുകന്യ, മദ്യപാനികളുടെ കരൾ രോഗനിവാരണത്തിനായി കരൾരോഗമുക്തി, സ്പോർട്സ് ആയുർവേദ മുതലായ, സംസ്ഥാനാടിസ്ഥാനത്തിലുള്ള പദ്ധതികൾക്കുപുറമെ മിക്ക ഗ്രാമപഞ്ചായത്തുകളിലും തനതായ ആരോഗ്യപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ആയുഷ്‌വകുപ്പിന്റെ രൂപീകരണത്തോടെ യോഗക്കും പ്രകൃതിചികിത്സക്കും അർഹമായ സ്ഥാനം ലഭ്യമാകും. ശരീര-മനസ്സുകളുടെ ഏകോപനത്തിലൂടെ, രോഗപ്രതിരോധവും നിവാരണവും ഉറപ്പുവരുത്തുന്ന ചികിത്സാപദ്ധതി ചരിത്രാതീതകാലം മുതൽ നിലനിന്നിരുന്നതാണ്. ഔഷധങ്ങളും ശസ്ത്രക്രിയകളും ഒഴിവാക്കി, പ്രകൃതിവിഭവങ്ങളായ മണ്ണ്, വെള്ളം, വായു, സൂര്യപ്രകാശം മുതലായവ ഉപയോഗിച്ചും വ്യായാമം, വിശ്രമം, ഉപവാസം, ഉഴിച്ചിൽ മുതലായ മാർഗങ്ങൾ സ്വീകരിച്ചും ചെയ്യുന്ന ചികിത്സാസമ്പ്രദായമാണ് പ്രകൃതി ചികിത്സ. ശരീരം സ്വയം രോഗങ്ങളെ ഇല്ലാതാക്കുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനപ്രമാണം. അമേരിക്ക, ഇംഗ്ലണ്ട്, ജർമനി തുടങ്ങിയ രാജ്യങ്ങളിൽ പ്രകൃതിചികിത്സക്ക് പണ്ടുമുതൽ വൻ പ്രചാരം സിദ്ധിച്ചിരുന്നു. എന്നാൽ ഇന്ത്യയിൽ ഇതിന് പുത്തനുണർവ്വുണ്ടായത് മഹാത്മാഗാന്ധി ഈ ശാസ്ത്രത്തിന്റെ വക്താവായ കാലം മുതൽക്കാണ്.



ആയുഷ് ചികിത്സക്ക് ആഗോളതലത്തിൽ പ്രസക്തി വർധിച്ച കാലഘട്ടമാണിത്. ശാസ്ത്രീയമായ ആരോഗ്യസംരക്ഷണത്തിന് രോഗം ബാധിച്ച് ചികിത്സിക്കുന്നതിനേക്കാൾ പ്രാധാന്യമുണ്ടെന്ന തിരിച്ചറിവാണ് ആയുഷിന്റെ ജനപ്രീതിക്ക് നിദാനം.

പ്രകൃതിക്ക് ഏറ്റവും അനുയോജ്യമായ ചികിത്സാ സമ്പ്രദായമാണ് യൂനാനി. സകല ശാസ്ത്രങ്ങളുടെയും തത്വചിന്തയുടെയും മക്കയെന്ന് അറിയപ്പെടുന്ന ഗ്രീക്കിൽ (യുനാൻ) നിന്നാണ് ഈ വൈദ്യശാസ്ത്രം പിറവിയെടുത്തത്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവെന്ന് അറിയപ്പെടുന്ന ഹിപ്പോക്രാറ്റ്സിന്റെ വൈദ്യശാസ്ത്ര - അടിസ്ഥാന തത്വമായ ചതുർ ദോഷങ്ങളിൽ അധിഷ്ഠിതമാണിത്. പതിനാറാം നൂറ്റാണ്ടിൽ, മുഗൾ കാലഘട്ടത്തിലാണ് യൂനാനി ചികിത്സാരീതി ഇന്ത്യയിലേക്ക് വന്നത്.

ബ്രിട്ടീഷുകാരുടെ കാലത്ത് ഇന്ത്യയുടെ തനതായ പല പൈതൃകങ്ങളും നാശോന്മുഖമായപ്പോൾ യൂനാനി ചികിത്സാരീതിയും പിറകോട്ടടിച്ചു. സ്വാതന്ത്ര്യ സമര സേനാനിയും ഗാന്ധിജിയുടെ ഉറ്റമിത്രവുമായിരുന്ന ഹകീം അജ്മൽ ഖാനാണ് ഇന്ത്യയിൽ ഈ ശാഖക്ക് പുനരുദ്ധാരണവും മേൽവിലാസവും നേടിക്കൊടുത്തത്. ഇപ്പോൾ രാജ്യത്ത് അമ്പതോളം യൂനാനി മെഡിക്കൽ കോളജുകളിലായി ബിരുദവും ബിരുദാനന്തര ബിരുദവും (എം.ഡി) പഠിപ്പിക്കുന്നുണ്ട്. കാസർകോട് മെഗ്രാൻപുത്തൂരിൽ ഗവൺമെന്റ് യൂനാനി ഡിസ്പെൻസറിയും വിവിധ ഭാഗങ്ങളിലായി 15 എൻ.എച്ച്.എം യൂനാനി ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

അതിപ്രാചീന കാലം മുതൽ പ്രചാരത്തിലുള്ള മഹത്തായ വൈദ്യശാസ്ത്ര ശാഖയാണ് സിദ്ധവൈദ്യം. ദക്ഷിണഭാരതത്തിൽ പ്രത്യേകിച്ചും തെക്കൻ കേരളത്തിലും തമിഴ്നാട്ടിലുമാണ് ഈ ചികിൽസാ ശാസ്ത്രം വളർന്ന് വികസിച്ചത്. തത്വചിന്തകന്മാരും ആത്മീയാചാര്യന്മാരും ശാസ്ത്രജ്ഞന്മാരുമായിരുന്നു ഇതിന്റെ പ്രയോക്താക്കൾ. പ്രകൃതിദത്ത ഔഷധസസ്യങ്ങളും ലോഹങ്ങളും ധാതുലവണങ്ങളും ജീവസമ്പത്തുകളും ഉപയോഗിച്ച് തയ്യാറാക്കുന്ന സിദ്ധ മരുന്നുകൾ അതുല്യ ഫലസിദ്ധി ഉള്ളവയാണ്. ജീവിതചര്യ, ഭക്ഷണരീതി, വ്യായാമം, യോഗ, ധ്യാനം എന്നിവക്കെല്ലാം പ്രാധാന്യം കൊടുത്തുള്ള ചികിൽസാ ശാസ്ത്രമാണിത്. അഗസ്ത്യമുനിയിൽ തുടങ്ങി 18 സിദ്ധന്മാരാണ് സിദ്ധവൈദ്യത്തിന്റെ പ്രണേതാക്കൾ. 7,000 ബി.സിക്കും 10,000 ബി.സിക്കും ഇടയിലുള്ള കാലഘട്ടത്തിലാണ് ഈ വൈദ്യശാസ്ത്രം ഉത്ഭവിച്ചത്. പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള നാനാവിധ രോഗങ്ങൾക്ക് സിദ്ധയിൽ ഫലപ്രദമായ ചികിൽസയുണ്ട്. മാരക രോഗങ്ങളെ കുറഞ്ഞ ചെലവിൽ അതിവേഗം സുഖപ്പെടുത്താൻ ശേഷിയുള്ള ഭസ്മങ്ങൾ, സിന്ദൂരങ്ങൾ, മെഴുകുകൾ മുതലായ ഔഷധങ്ങൾ ഉപയോഗിച്ചാണ് ചികിൽസ. പ്രാചീന തമിഴ്ഭാഷയിൽ ലിഖിതമായ സിദ്ധവൈദ്യത്തിൽ ഏകദേശം നാല് ലക്ഷത്തിൽപരം ഔഷധങ്ങളുണ്ട്.

ഇന്ത്യയിൽ എട്ട് സിദ്ധ മെഡിക്കൽ കോളജുകൾ പ്രവർത്തിക്കുന്നു. സെൻട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിനുകീഴിൽ പ്രവർത്തിക്കുന്ന ഇവയിൽ 7 എണ്ണം തമിഴ്നാട്ടിലാണ്. സിദ്ധവൈദ്യശാസ്ത്രം ഇംഗ്ലീഷ് ഭാഷയിൽ പഠിപ്പിക്കുന്ന പ്രഥമ കോളജാണ് തിരുവനന്തപുരത്തെ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജ്.

സുരക്ഷിതവും ലളിതവും ചെലവു കുറഞ്ഞതുമായ ശാസ്ത്രീയ ചികിത്സാസമ്പ്രദായമാണ് ഹോമിയോപ്പതി. ലോക ജനത സ്വീകരിച്ച ചികിത്സാരീതികളിൽ ഇതിന്റെ സ്ഥാനം അലോപ്പതിക്ക് തൊട്ടുപിറകെയാണ്. 80 ലധികം രാഷ്ട്രങ്ങളിൽ ഹോമിയോപ്പതി ചികിത്സ പ്രചാരത്തിലുണ്ട്. ഇന്ത്യയിൽ ഹോമിയോപ്പതിക്ക് കൂടുതൽ പ്രചാരം നേടിയ സംസ്ഥാനം കേരളമാണ്. 200 വർഷം പിന്നിട്ട ചികിത്സാശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് ഡോ. സാമുവൽ ഹാനിമാനാണ്.

ആരോഗ്യമേഖലയിലെ ജീവിതശൈലീരോഗങ്ങളുടെ മേൽക്കോയ്മയെ ഉന്മൂലനംചെയ്യാൻ, ആയുഷ് ചികിത്സാസമ്പ്രദായങ്ങൾക്കും അലോപ്പതിക്കും തുല്യപ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന സംസ്ഥാനസർക്കാറിന്റെ ദീർഘവീക്ഷണത്തോടുകൂടിയ മറ്റൊരു ചുവടുവെയ്പാണ്, ആയുഷ് വകുപ്പിലൂടെ സാക്ഷാത്കൃതമാകുന്നത്. നാം മുന്നേറുന്നത്, ആയുഷ് ചികിത്സയ്ക്ക് ആഗോളതലത്തിൽ പ്രസക്തി വർധിച്ച കാലഘട്ടത്തിലൂടെയാണ്. ശാസ്ത്രീയമായ ആരോഗ്യസംരക്ഷണത്തിന്, രോഗം ബാധിച്ച് ചികിത്സിക്കുന്നതിനെക്കാൾ പ്രാധാന്യമുണ്ടെന്ന തിരിച്ചറിവാണ് ആയുഷിന്റെ ജനപ്രീതിക്കു നിദാനം. ഇന്ത്യയിൽ ആയുഷ് വകുപ്പ് രൂപവത്കരിക്കുന്ന മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. ഹിമാചൽപ്രദേശും രാജസ്ഥാനുമാണ് മുൻഗാമികൾ.

പാരമ്പര്യത്തെ മുറുകെപ്പിടിച്ച് ആയുരാരോഗ്യസൗഖ്യം നിലനിർത്തി സമാധാനജീവിതം നയിക്കുന്നതിന് ഏറെ താത്പര്യമുള്ളവരാണ് മഹാഭൂരിപക്ഷം മലയാളികളും. അതുകൊണ്ടുതന്നെ, ആയുർവേദത്തിന് ബൃഹത്തായ പാരമ്പര്യമുള്ള കേരളത്തിലെ ജനങ്ങൾ, പ്രകൃതിയുമായി തന്മയീഭവിച്ച ആയുഷ് ചികിത്സാരീതികളോട് പ്രാചീനകാലംമുതൽ ആഭിമുഖ്യം പുലർത്തിപ്പോന്നു. കേരളത്തിന്റെ ആയുർവേദ, യോഗപ്രകൃതിചികിത്സാ, യുനാനി, സിദ്ധ, ഹോമിയോപ്പതി ചികിത്സാ രംഗങ്ങളിലേക്കുള്ള തിരനോട്ടത്തിലൂടെ ഇക്കാര്യം സുവ്യക്തമാവുന്നതാണ്.

## ആരോഗ്യം

# ഈന്തപ്പഴത്തിന്റെ ഗുണങ്ങൾ

ഈന്തപ്പഴത്തിൽ ഒരു പിടി ആരോഗ്യപരമായ ഗുണങ്ങൾ നൽകുന്ന പോഷകങ്ങളുണ്ട്. അയേൺ, പൊട്ടാസ്യം, മഗ്നീഷ്യം, വൈറ്റമിനുകൾ തുടങ്ങിയ ഒരു പിടി ആരോഗ്യദായകമായ ഘടകങ്ങളുടെ ഉറവിടമാണ് ഈന്തപ്പഴം. തടി വർദ്ധിപ്പിയ്ക്കാതെ ശരീരത്തിനു തൂക്കം വർദ്ധിപ്പിയ്ക്കാൻ സഹായിക്കുന്ന ഒന്നാണിത്.

ആഴ്ചയിൽ 12 ഈന്തപ്പഴമെങ്കിലും കഴിയ്ക്കാം. ഇത് ആരോഗ്യപരമായ ഗുണങ്ങൾ ഏറെ നൽകും. ഇവ ഒരുമിച്ചു കഴിയ്ക്കരുതെന്ന കാര്യവും ഓർമ വേണം. ആന്റിഓക്സിഡന്റുകളുടെ നല്ലൊരു കലവറയായ ഇത് ക്യാൻസർ പോലുള്ള പല രോഗങ്ങൾ തടയാനും ശരീരത്തിന് രോഗപ്രതിരോധശേഷി നൽകാനുമെല്ലാം ഏറെ ഗുണകരമാണ്. മസിലുകളുടെ ആരോഗ്യത്തിനും ഇത് ഏറെ ഉത്തമമാണ്ഇതിലെ മധുരം സ്വാഭാവിക മധുരമായതു കൊണ്ട് മിതമായ തോതിൽ പ്രമേഹരോഗികൾക്കും കഴിയ്ക്കാം. മാത്രമല്ല, ഈ മധുരം ശരീരത്തിന് ഊർജം നൽകുകയും ചെയ്യും.ഈന്തപ്പഴം നമ്മുടെ ഭക്ഷണത്തിൽ നിത്യ ശീലമാക്കണമെന്നു പറയുന്നതിന്റെ ആരോഗ്യപരമായ ഗുണങ്ങളെക്കുറിച്ചറിയൂ, ആഴ്ചയിൽ 12 എണ്ണമെങ്കിലും നാം ഇതു കഴിയ്ക്കണമെന്നു പറയുന്നതിന്റെ കാരണവും അറിയൂ. ആഴ്ചയിൽ 12 ഈന്തപ്പഴം കഴിയ്ക്കണം

മലബന്ധം പോലുള്ള പ്രശ്നങ്ങൾ കൊണ്ട് കഷ്ടപ്പെടുന്നവർ ചില്ലറയല്ല. അതിനെ ഇല്ലാതാക്കാനും നല്ല ശോധനയ്ക്കും ഈന്തപ്പഴം സഹായിക്കുന്നു. ദഹനപ്രക്രിയ സാധാരണ ഗതിയിലാക്കാൻ ഈന്തപ്പഴം സഹായിക്കും. മാത്രമല്ല പാലിനൊപ്പം അത്താഴശേഷം ഈന്തപ്പഴം കഴിക്കുന്നത് ദഹനസംന്ധമായ എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കും.



കൊളസ്ട്രോൾ കുറയ്ക്കുന്നതിന് ഈന്തപ്പഴത്തിനുള്ള പങ്ക് വളരെ വലുതാണ്. ദിവസവും ഈന്തപ്പഴം കഴിക്കുന്നത് കൊളസ്ട്രോൾ കുറയ്ക്കും. ഈന്തപ്പഴം രാത്രി വെള്ളത്തിൽ ഇട്ടുവച്ച് രാവിലെ ഇത് ഈ വെള്ളത്തിൽ ചതച്ചിട്ടു കുടിയ്ക്കാം. എൽഡിഎൽ കൊളസ്ട്രോൾ കുറയക്കുന്നതിനും എച്ച്ഡിഎൽ കൊളസ്ട്രോൾവർദ്ധിപ്പിയ്ക്കുന്നതിനും ഇതു നല്ലതാണ്.

ഹൃദയസംബന്ധമായ രോഗങ്ങൾ കൊണ്ട് വലയുന്നവരും രോഗസാധ്യതയുള്ളവരും ഈന്തപ്പഴം ദിവസവും കഴിയ്ക്കുന്നത് നല്ലതായിരിക്കും. ഇത് ഹൃദ്രോഗസാധ്യതയേയും ഇല്ലാതാക്കുന്നു. ഇതു കൊളസ്ട്രോളും ബിപിയുമെല്ലാം നിയന്ത്രിയ്ക്കുന്നതും രക്തപ്രവാഹം വർദ്ധിപ്പിയ്ക്കുന്നതുമെല്ലാമാണ് ഗുണകരമാകുന്നത്.

പുരുഷന്റെ സ്റ്റാമിനയ്ക്കും ഉദ്ധാരണ പ്രശ്നങ്ങൾക്കുമുള്ള നല്ലൊരു പരിഹാരമാണിത്.

പുരുഷന്റെ സ്റ്റാമിനയ്ക്കും ഉദ്ധാരണ പ്രശ്നങ്ങൾക്കുമുള്ള നല്ലൊരു പരിഹാരമാണിത്.

രാവിലെ വെറുംവയറ്റിൽ ആദ്യ ഒരാഴ്ച 2 ഈന്തപ്പഴം വീതം കഴിയ്ക്കുക. മൂന്നാമത്തെ ആഴ്ച 3 എണ്ണം വീതം കഴിയ്ക്കാം. നാലാമത്തെ ആഴ്ച മുതൽ 12 ആഴ്ച വരെ 4 വീതം കഴിയ്ക്കാം. ഇത് ഉദ്ധാരണപ്രശ്നങ്ങൾക്കുള്ള നല്ലൊരു മരുന്നാണ്.ഈന്തപ്പഴം ആട്ടിൽപാലിൽ രാത്രി മുഴുവൻ കുതിർത്ത് രാവിലെ ഇതോടുകൂടി അരച്ച് രാവിലെ വെറുംവയറ്റിൽ കുടിയ്ക്കുന്നതും സെക്സ് എനർജിയ്ക്കു നല്ലതാണ്അലർജി

ഇത് അലർജി പ്രശ്നങ്ങൾ ഒഴിവാക്കുകയും ചെയ്യും.. 5 ഈന്തപ്പഴം, 5 കുരുമുളക്, ഒരു കഷ്ണം ഇഞ്ചി എന്നിവ പാലിലിട്ടു തിളപ്പിയ്ക്കുക. ഇതിലേയ്ക്ക് 1 സ്പൂൺ നെയ്യു ചേർത്ത് രാത്രി കിടക്കാൻ നേരത്തു കുടിയ്ക്കുക. ഇത് കോൾഡിനുള്ള നല്ലൊരു പരിഹാരമാണ്. ഉറക്കവും നൽകും.

ഈന്തപ്പഴം തടി കൂട്ടാതെ തൂക്കം വർദ്ധിപ്പിയ്ക്കാനുള്ള എളുപ്പ വഴിയാണ് ഈന്തപ്പഴം. . ഇത് ദിവസവും 3-4 എണ്ണം ശീലമാക്കുക. ശരീരത്തിന് അൽപം പുഷ്ടി വരാനും ഇത് സഹായിക്കും. കുട്ടികൾക്കും ഇത് ഏറെ നല്ലതാണ്. രാവിലെ വെറും വയറ്റിൽ പച്ച ഈന്തപ്പഴം കഴിയ്ക്കുന്നത് ആരോഗ്യകരമായ തൂക്കം കൃത്യമാക്കാൻ സഹായിക്കുന്നു

ആഴ്ചയിൽ 12 ഈന്തപ്പഴം കഴിയ്ക്കണം. വിശപ്പില്ലാത്തവർക്കുള്ള നല്ലൊരു മരുന്നാണ്

വിശപ്പില്ലാത്തവർക്കുള്ള നല്ലൊരു മരുന്നാണ് ഈന്തപ്പഴം. വിശപ്പു വർദ്ധിപ്പിയ്ക്കാൻ പാലിൽ ഇത് ചേർത്തു കുടിയ്ക്കാനാണ് ആയുർവേദം പറയുന്നത്. ഈന്തപ്പഴത്തിലെ ജ്യൂസ് നീക്കി, അല്ലെങ്കിൽ ഉണങ്ങിയ ഈന്തപ്പഴം പാലിലിട്ടു തിളപ്പിച്ച് ഈ പാലിൽ ഇത അരച്ചു കഴിയ്ക്കാം. ദഹനത്തിനും ഇത് ഏറെ നല്ലതാണ്. കുട്ടികൾക്കു പ്രത്യേകിച്ചും ഗുണകരം.

ക്യാൻസർ ആന്റിഓക്സിഡന്റുകളുടെ നല്ലൊരു കലവറയായ ഇത് ക്യാൻസർ പോലുള്ള പല രോഗങ്ങൾ തടയാനും ശരീരത്തിന് രോഗപ്രതിരോധശേഷി നൽകാനുമെല്ലാം ഏറെ ഗുണകരമാണ്. മസിലുകളുടെ ആരോഗ്യത്തിനും ഇത് ഏറെ ഉത്തമമാണ്. ആരോഗ്യകരമായ രീതിയിൽ മസിൽ വളർത്തുവാൻ ഇതിലെ പല വൈററമിനുകളും പോഷണങ്ങളും സഹായിക്കും.

സ്ത്രീകളിലെ അസ്ഥിയുരുക്കം അഥവാ വെള്ളപോക്കിനും ഈന്തപ്പഴം ഔഷധമാക്കാം. ഉണങ്ങിയ ഈന്തപ്പഴം അരച്ച് നെയ്യിൽ കലർത്തി ഗോപീചന്ദനത്തിനൊപ്പം കഴിയ്ക്കാം. ഗോപീചന്ദനം ആയുർവേദ കടകളിൽ ലഭിയ്ക്കുന്ന ഒന്നാണ്. ഈന്തപ്പഴം വെള്ളത്തിലിട്ടു കുതിർത്തി ഉടച്ചു കഴിയ്ക്കാം. ഈ വെള്ളവും കുടിയ്ക്കാം. ഇത് അടുപ്പിച്ചു ചെയ്യുന്നത് വെള്ളപോക്കിനുള്ള പരിഹാരമാണ്.

മദ്യപാനം മൂലമുള്ള ഹാങ്ഓവർ മാറാൻ ഈന്തപ്പഴം നല്ലൊരു വഴിയാണ്. ഇത് 10-15 മിനിറ്റു വെള്ളത്തിലിട്ടു വച്ച് ഈ വെള്ളം കുടിയ്ക്കാം. മദ്യപാനം മൂലമുള്ള ഛർദി, തലവേദന എന്നിവയ്ക്കുള്ള നല്ലൊരു മരുന്നു കൂടിയാണിത്.മദ്യപിച്ച ശേഷമുള്ള പ്രശ്നങ്ങൾക്കു പരിഹാരമായി ഇതു കഴിച്ചു നോക്കൂ.

നല്ലൊരു അയേൺ മരുന്നാണ് ഈന്തപ്പഴം. അയേൺ സമ്പുഷ്ടമാണ് ഈന്തപ്പഴം ജ്യൂസും. വിളർച്ച പോലുള്ള പ്രശ്നങ്ങൾ തടയാൻ ഇതു മതി.

ശരീരത്തിൽ അയേൺ കുറഞ്ഞാൽ നിരവധി ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാവുന്നത്. അതുകൊണ്ട് തന്നെ അയേൺ സാന്നിധ്യത്തിന് നല്ലതു പോലെ പച്ച ഈന്തപ്പഴം കഴിയ്ക്കുന്നത് നല്ലതാണ്.

കാഴ്ചശക്തിയ്ക്കു മികച്ച മരുന്നാണ് ഈന്തപ്പഴമെന്നു പറയാം.ദിവസവും ഈന്തപ്പഴം കഴിക്കുന്നത് കണ്ണിന്റെ ആരോഗ്യത്തിന് വളരെ നല്ലതാണ്. ഒരു ദിവസം ഒരു ഈന്തപ്പഴം എന്ന ക്രമത്തിൽ കഴിച്ചാൽ കണ്ണിന്റെ കാഴ്ചശക്തിയ്ക്കും തെളിച്ചത്തിനും സഹായിക്കും.

## സ്പോർട്സ്

### അഡലെയ്ഡിൽ ഓസ്ട്രേലിയയ്ക്ക് നിർണായക ടോസ്; ടീമിൽ മാറ്റമില്ലാതെ ഇന്ത്യ



ഓസ്ട്രേലിയയ്ക്കെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യ ആദ്യം ബാറ്റുചെയ്യും. ടോസ് നേടിയ ഓസീസ് ക്യാപ്റ്റൻ മിച്ചൽ മാർഷ് ആദ്യം ബോളിങ് തിരഞ്ഞെടുക്കുകയായിരുന്നു. അഡലെയ്ഡ് ഓവലിലാണ് നിർണായക മത്സരം. പെർത്തിൽ നടന്ന ആദ്യ ഏകദിനത്തിന് ഇറങ്ങിയ ടീമിൽ നിന്ന് മാറ്റമില്ലാതെയാണ് ഇന്ത്യ ഇന്ന് ഇറങ്ങുന്നത്.

ഓസ്ട്രേലിയ പ്ലേയിങ് ഇലവൻ: മിച്ചൽ മാർഷ് (ക്യാപ്റ്റൻ), ട്രാവിസ് ഹെഡ്, മാത്യു ഷോർട്ട്, മാത്യു റെൻഷാ, അലക്സ് കാരി (വിക്കറ്റ് കീപ്പർ), കൂപ്പർ കോണോളി, മിച്ചൽ ഓവൻ, സേവ്യർ ബാർട്ട്ലെറ്റ്, മിച്ചൽ സ്റ്റാർക്ക്, ആദം സാംപ, ജോഷ് ഹേസൽവുഡ്.

ഇന്ത്യ പ്ലേയിങ് ഇലവൻ: ശുഭ്മൻ ഗിൽ (ക്യാപ്റ്റൻ), രോഹിത് ശർമ, വിരാട് കോഹ്‌ലി, ശ്രേയസ് അയ്യർ, അക്സർ പട്ടേൽ, കെ എൽ രാഹുൽ (വിക്കറ്റ് കീപ്പർ), വാഷിംഗ്ടൺ സുന്ദർ, നിതീഷ് കുമാർ റെഡ്ഡി, ഹർഷിത് റാണ, അർഷ്ദീപ് സിംഗ്, മുഹമ്മദ് സിറാജ്.

### അർജന്റീന- ഓസ്ട്രേലിയ പോരാട്ടം നവംബർ 17ന്



കേരളത്തിൽ നടക്കുന്ന അർജന്റീന- ഓസ്ട്രേലിയ പോരാട്ടത്തിന്റെ മത്സരത്തീയതി പ്രഖ്യാപിച്ചു. നവംബർ 17നാണ് ഫുട്ബോളിന്റെ മിശിഹായും ലോകചാമ്പ്യന്മാരായ അർജന്റീന ടീമും കേരളത്തിന്റെ മണ്ണിൽ പന്തുതട്ടാനിറങ്ങുന്നത്.

ഫുട്ബോൾ ഇതിഹാസം ലയണൽ മെസിയുടെയും അർജൻറീന ടീമിൻറെയും കേരള സന്ദർശനത്തിന്റെ ഭാഗമായി എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി അവലോകന യോഗം ചേർന്നതായി കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ പുട്ട വിമലാദിത്യ പറഞ്ഞു. ഈ മാസം അവസാനത്തോടെ എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കാൻ കഴിയുമെന്നും പുട്ട വിമലാദിത്യ പറഞ്ഞു.

കാണികളുടെ എണ്ണത്തിൽ വിദഗ്ധ സമിതിയുടെ നിർദ്ദേശപ്രകാരം അന്തിമ തീരുമാനം എടുക്കും. 50000 കാണികളെ പ്രവേശിപ്പിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യും. ഗതാഗത നിയന്ത്രണം ഉണ്ടാകും. ഫാൻ പാർക്കുകൾ ക്രമീകരിക്കും. കൂടുതൽ സിസിടിവികളും ഡ്രോണുകളും സുരക്ഷയ്ക്കായി ഒരുക്കും', പുട്ട വിമലാദിത്യ പറഞ്ഞു.

# പാർട്ട്– ടൈം ശാന്തി നിയമനം; തന്ത്ര വിദ്യാലയങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് മതിയെന്ന് ഹൈക്കോടതി

കൊച്ചി: തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ പാർട്ട്- ടൈം ശാന്തി നിയമനത്തിനുള്ള യോഗ്യതയായി ദേവസ്വം ബോർഡും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡും അംഗീകരിച്ച തന്ത്ര വിദ്യാലയങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് മതിയെന്നത് ശരിവെച്ച് ഹൈക്കോടതി. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പാർട്ട് ടൈം തന്ത്രിമാരുടെ തസ്തികകളിലേക്ക് 2023ൽ അപേക്ഷ ക്ഷണിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പറയുന്ന യോഗ്യത ചോദ്യം ചെയ്ത് അഖില കേരള തന്ത്രി സമാജമാണ് ഹൈക്കോടതിയെ സമീപിച്ചത്.



താന്ത്രിക് വിദ്യാഭ്യാസം നൽകുന്ന വിദ്യാലയങ്ങളെ വിലയിരുത്താനും അംഗീകാരം നൽകാനുമുള്ള വൈദഗ്ധ്യമോ നിയമപരമായ അധികാരമോ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനും ഇല്ലെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു അഖില കേരള തന്ത്രി സമാജത്തിൻറെ ഹർജി. ഇതിലാണ് ജസ്റ്റിസ് വി രാജ വിജയരാഘവൻ, ജസ്റ്റിസ് കെ വി ജയകുമാർ എന്നിവരുൾപ്പെടുന്ന ഡിവിഷൻ ബെഞ്ചിന്റെ നിർണായക നിരീക്ഷണം.

പാരമ്പര്യ തന്ത്രിമാരുടെ കീഴിൽ പൂജ പഠിച്ചവരെയെ പാർട്ട് ടൈം ശാന്തിമാരായി നിയമിക്കാവൂവെന്ന ഹർജിക്കാരുടെ വാദം കോടതി തള്ളി. ശാന്തിയായി നിയമിക്കാൻ ഒരു പ്രത്യേക വിഭാഗത്തിൽനിന്നോ പാരമ്പര്യത്തിൽനിന്നോ ഉള്ളവർക്കു മാത്രമാണു യോഗ്യത എന്നത് അനിവാര്യമായ മതപരമായ ആചാരം, അനുഷ്ഠാനം, ആരാധന എന്നിവ പ്രകാരമുള്ള ഉറച്ച ആവശ്യമാണെന്ന് കരുതാനാവില്ലെന്നും ഇക്കാര്യത്തിൽ അതിനുള്ള വസ്തുതാപരവും നിയമപരവുമായ അടിസ്ഥാനമില്ലെന്നും കോടതി വ്യക്തമാക്കി. ആത്മീയ പ്രവർത്തനങ്ങളുമായി ബന്ധമില്ലാത്തവരെ ശാന്തി തസ്തികയ്ക്കു പരിഗണിക്കുന്നത് തങ്ങളുടെ മൗലികാവകാശങ്ങൾ ലംഘിക്കുന്നതാണെന്ന ഹർജിക്കാരുടെ വാദം നിലനിൽക്കില്ലെന്നും കോടതി പറഞ്ഞു.

പാരമ്പര്യ തന്ത്രിമാരിൽനിന്ന് നേരിട്ട് പൂജ പഠിച്ചവർക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി, ശാന്തി തസ്തികയിലേക്ക് പരിഗണിക്കാനായി തന്ത്രിമാർ നൽകുന്ന സർട്ടിഫിക്കറ്റിന് മതിയായ വിലകൽപിക്കുന്നില്ല എന്നീ ആക്ഷേപം ഹർജിക്കാർ ഉന്നയിച്ചിരുന്നു. എന്നാൽ ഈ അപാകത ബോർഡ് പിന്നീട് പരിഹരിച്ചിരുന്നുവെന്നും ട്രാവൻകൂർ- കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റിയൂഷൻസ് നിയമപ്രകാരമുള്ള അധികാരമുപയോഗിച്ച് ടിഡിബി കൊണ്ടുവന്ന ചട്ടങ്ങൾ അംഗീകരിച്ചതാണെന്ന് കോടതി വ്യക്തമാക്കുകയും ചെയ്തു.

ചട്ടങ്ങളുടെ കരട് പ്രസിദ്ധീകരിക്കൽ, ഗസറ്റ് വിജ്ഞാപനം തുടങ്ങിയ നിയമക്രമങ്ങൾ എന്നിവ പാലിക്കപ്പെട്ടുണ്ട്. പാർട്ട് ടൈം ശാന്തി നിയമനത്തിനുള്ള യോഗ്യത സംബന്ധിച്ച് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽനിന്ന് വിദഗ്ധരുടെ നിർദേശങ്ങൾ ലഭ്യമാക്കിയിരുന്നുവെന്നും ബോർഡ് കോടതിയിൽ അറിയിച്ചു. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തയ്യാറാക്കിയ പാഠ്യക്രമത്തിൽ വേദ ഗ്രന്ഥങ്ങൾ, ആചാരങ്ങൾ അനുഷ്ഠാനങ്ങൾ, ആരാധന രീതികൾ എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠിപ്പിക്കുന്നത് യോഗ്യതയുള്ള പണ്ഡിതരും തന്ത്രിമാരുമാണെന്ന് കോടതി പറഞ്ഞു. ഒന്നു മുതൽ അഞ്ച് വർഷം വരെയുള്ള കോഴ്സാണ് പഠിപ്പിക്കുന്നത്. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രവേശനചടങ്ങുമുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്ന് അന്തിമ തെരഞ്ഞെടുപ്പ് നടത്തുന്നത് കർശനമായ മെറിറ്റിന്റെ അടിസ്ഥാനത്തിലാണ്. ഇതിനുള്ള സിമിതിയിൽ പണ്ഡിതന്മാരും പ്രശസ്തനായ തന്ത്രിയുമുണ്ട്. നിയമനത്തിന് മുൻപായി ഇവരുടെ യോഗ്യതകൾ വീണ്ടും പരിശോധിച്ച് ഉറപ്പിക്കുന്നുണ്ടെന്നും കോടതി വ്യക്തമാക്കി.

# അതൃപ്തി പരസ്യമാക്കിയ ചാണ്ടി ഉമ്മനും ഷമ മുഹമ്മദിനും പുതിയ പദവി

തിരുവനന്തപുരം: കെപിസിസി പുനഃസംഘടനയിൽ പ്രതിഷേധം അറിയിച്ചതിന് പിന്നാലെ ചാണ്ടി ഉമ്മൻ എംഎൽഎയ്ക്ക് പുതിയ പദവി നൽകി. രണ്ട് സംസ്ഥാനങ്ങളുടെ ടാലന്റ് ഹണ്ട് കോഡിനേറ്റർ പദവിയിലേക്കാണ് ചാണ്ടി ഉമ്മനെ നിയോഗിച്ചത്. അരുണാചൽ പ്രദേശ്, മേഘാലയ സംസ്ഥാനങ്ങളുടെ ചുമതലയാണ് നൽകിയത്.

ഷമ മുഹമ്മദിന് ഗോവയുടെ ചുമതലയും ജോർജ് കുര്യന് കേരളത്തിന്റെ ചുമതലയും നൽകി. കെപിസിസി പുനസംഘടനയിൽ പ്രതിഷേധം അറിയിച്ചവരെ എഐസിസി പരിഗണിക്കുകയായിരുന്നു. കെപിസിസി പുനഃസംഘടനയെ ചൊല്ലിയുള്ള തർക്കങ്ങൾ രൂക്ഷമായി തുടരുന്നതിനിടയിലാണ് പുതിയ പദവികൾ നൽകിയത്.



13 ഉപാധ്യക്ഷന്മാരെയും 58 ജനറൽ സെക്രട്ടറിമാരെയും ഉൾപ്പെടുത്തി കെപിസിസി ജംബോ പട്ടിക പുറത്തുവിട്ടതിന് പിന്നാലെയാണ് ചാണ്ടി ഉമ്മൻ അതൃപ്തി പ്രകടമാക്കിയത്. ചാണ്ടി ഉമ്മനെ ജനറൽ സെക്രട്ടറിയോ വൈസ് പ്രസിഡന്റോ ആക്കുമെന്നായിരുന്നു പ്രതീക്ഷയെങ്കിലും പുറത്തുവിട്ട ജംബോ കമ്മിറ്റിയിൽ അവസാനവട്ടം അദ്ദേഹത്തെ തഴഞ്ഞുവെന്നായിരുന്നു പരാതി. അബിൻ വർക്കിക്ക് യൂത്ത് കോൺഗ്രസ് സംസ്ഥാന അധ്യക്ഷ സ്ഥാനം നിഷേധിച്ചതിനെതിരെ പ്രതികരിച്ചതാണ് ചാണ്ടി ഉമ്മനെ തഴയാൻ ഇടയാക്കിയതെന്നും ആരോപണമുയർന്നിരുന്നു.

കെപിസിസി പുനഃസംഘടനയിൽ അതൃപ്തി വ്യക്തമാക്കിയതിന് പിന്നാലെ കെപിസിസിയുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നിന്ന് ചാണ്ടി ഉമ്മൻ എക്സിറ്റ് അടിച്ചിരുന്നു. എന്നാൽ പല വാട്സ്ആപ്പ് ഗ്രൂപ്പുകളിലും താൻ ഉണ്ടെന്നും സന്ദേശങ്ങൾ കുമിഞ്ഞു കൂടുന്നതിനാലാണ് ഒഴിവായതെന്നുമാണ് ചാണ്ടി ഉമ്മൻ പ്രതികരിച്ചത്. ഏത് ഗ്രൂപ്പിൽനിന്നാണ് പോയതെന്ന് ശ്രദ്ധിച്ചിട്ടില്ല. ഫോൺ പ്രശ്നമായിട്ടാണെന്നും ധാരാളം ഗ്രൂപ്പല്ലേ, ഇത്രയും ഗ്രൂപ്പ് വേണോയെന്നും ചാണ്ടി ഉമ്മൻ പറഞ്ഞിരുന്നു.

# കൂടിയാലോചന യോഗം നടത്തി

കക്കോടി: കക്കോടി മേഖല വനിതാ സഹായ സംഘത്തിന്റെ സ്വയം തൊഴിൽ പരിശീലന ക്യാമ്പിനോട് അനുബന്ധിച്ചുള്ള കൂടിയാലോചന യോഗം ശിഹാബ് തങ്ങൾ കമ്മിറ്റി ഓഫീസിൽ ചെറുകുളം സഹകരണ ബാങ്ക് മാനേജർ നിമിഷ ഉദ്ഘാടനം ചെയ്തു. സംഘം സെക്രട്ടറി റീജ കക്കോടി സ്വാഗതം പറഞ്ഞു. പ്രസിഡണ്ട് ബുഷ്റ ജാബിർ. അധ്യക്ഷതവഹിച്ചു. റീലീഫ് കമ്മിറ്റികൺവീനർ ഗജമജീദ്. മുഖ്യപ്രഭാഷണം നടത്തി. ഡി.യേശുദാസ് റിലീഫ് കമ്മറ്റിട്രഷറർ, സാജിദ് ചെറുകുളം, കോഡിനേറ്റർ ജാബിർ കക്കോടി ആശംസകൾ അർപ്പിച്ചു. സീനത്ത്നന്ദിയും പറഞ്ഞു.




# കരാട്ടെ ബെൽറ്റ് എക്സാമിനേഷൻ സംഘടിപ്പിച്ചു

കോഴിക്കോട്: ജപ്പാൻ ഷിറ്റോറിയോ കരാട്ടെ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിൽ ബെൽറ്റ് എക്സാമിനേഷൻ സംഘടിപ്പിച്ചു.

വിജയികൾക്കുള്ള ബെൽറ്റും സർട്ടിഫിക്കറ്റും സ്കൂൾ മാനേജർ പി. കെ. വി അബ്ദുൽ അസീസ് വിതരണം ചെയ്തു. പി. ടി. എ പ്രസിഡന്റ് കെ. പി നൗഷാദ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ടി. പി മുഹമ്മദ് ബഷീർ മുഖ്യ പ്രഭാഷണം നടത്തി.

കരാട്ടെ ഇൻസ്ട്രക്ടർ ഐശ്വര്യ, കെ. റിയാസ്, കെ. വിഷാനി, ഷാനവാസ്, ആലിക്കോയ, ആതിര എന്നിവർ ആശംസകൾ നേർന്നു. ഹെഡ്മാസ്റ്റർ വി. കെ ഫൈസൽ സ്വാഗതവും സ്കൂൾ കായികാധ്യാപകൻ സി. ടി ഇൽ യാസ് നന്ദിയും പറഞ്ഞു.



# വടകര പുനത്തിൽ കുടുംബ വനിത സംഗമം 'പിരിശകൂട്ടു' നടത്തി



വടകര: റിവർ കോസ്റ്റ റിസോർട്ടിൽ വടകര പുനത്തിൽ കുടുംബ വനിത സംഗമം 'പിരിശകൂട്ടു ' നടത്തി. കുടുംബത്തിലെ ഇളം തലമുറക്കാർ നേതൃത്വം നൽകി. ആഷിക മുജീബ് ക്യാപ്റ്റൻ ആയ 21 യുവതികൾ പരിപാടി നിയന്ത്രിച്ചു. വിവിധ തരത്തിലുള്ള കലാപരിപാടികൾ കുടുംബങ്ങൾ അവതരിപ്പിച്ചു. മുതിർന്ന മൂന്നു സ്ത്രീകളായ റാബിയ, ലൈല, ആസിയ എന്നിവരെ പൊന്നാടയും മെമെന്റെയും നൽകി ആദരിച്ചു. കെട്ടുറപ്പുള്ള കുടുംബ ബന്ധവും പരസ്പരമുള്ള സന്തോഷത്തിനും വേണ്ടി അടുത്ത തലമുറ കൂട്ടായി പ്രവർത്തിച്ചു. വരും തലമുറകൾക്കു മാർഗ ദർശകമാകണമെന്ന് മൂന്നു പേരും മറുപടി പ്രസംഗത്തിൽ പറഞ്ഞു. കുടുംബത്തിലെ പേരും പ്രശസ്തിയും ഉള്ള ഇഹലോക വാസം വെടിഞ്ഞവരായ പുനത്തിൽ മുഹമ്മദ്, പുനത്തിൽ ഖലീൽ, പുനത്തിൽ അബുബക്കർ സാഹിബ്, പുനത്തിൽ അബ്ദുറഹ്മാൻ, പുനത്തിൽ മമ്മു സാഹിബ്, പുനത്തിൽ അബ്ദുള്ള, പുനത്തിൽ ഇബ്രാഹിം,പ്രശസ്ത എഴുത്തുകാരൻ ഡോക്ടർ:പുനത്തിൽ കുഞ്ഞബ്ദുള്ള പുനത്തിൽ ഫാത്തിമ, ആയിഷ, മറിയുമ്മ, ബീവി, ബീഫാത്തു, കുഞ്ഞാലിമ, എന്നിവർക്ക് വേണ്ടി പ്രാർത്ഥനയും നടത്തി. പങ്കെടുത്ത എല്ലാ വനിതകൾക്കും സമ്മാനവും നൽകി.അഖില റിഷാൽ നന്ദി പ്രകാശിപ്പിച്ചു.

## രാപ്പകൽ സമരവും സെക്രട്ടേറിയറ്റ് ഉപരോധവും 24, 25 തീയതികളിൽ

തിരുവനന്തപുരം: ശബരിമലയിൽ സ്വർണ്ണക്കൊള്ള നടത്തിയ പിണറായി സർക്കാരിനെതിരെ ബിജെപി രാപ്പകൽ സമരവും സെക്രട്ടേറിയേറ്റ് ഉപരോധവും സംഘടിപ്പിക്കുന്നു. ഒക്ടോബർ 24 - 25 തീയതികളിൽ നടക്കുന്ന പ്രതിഷേധം ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. 24 ന് വൈകിട്ട് ആരംഭിക്കുന്ന ഉപരോധം 25 ന് വൈകിട്ട് സമാപിക്കും. മുതിർന്ന സംസ്ഥാന നേതാക്കൾ ഉപരോധ സമരത്തിൽ ഭാഗമാകും.

# പ്രഥമ ജൂനിയർ ക്ലബ് ചാമ്പ്യൻഷിപ്പ് കിരീടം ആത്രേയ ക്രിക്കറ്റ് ക്ലബ്ബിന്

തിരുവനന്തപുരം : കെസിഎ ജൂനിയർ ക്ലബ് ചാമ്പ്യൻഷിപ്പിൽ ആത്രേയ ക്രിക്കറ്റ് ക്ലബ്ബ് ജേതാക്കളായി. ഫൈനലിൽ ലിറ്റിൽ മാസ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബിനെ ഒരിന്നിങ്സിനും 33 റൺസിനും തോല്പിച്ചാണ് ആത്രേയ ക്രിക്കറ്റ് ക്ലബ്ബ് ചാമ്പ്യന്മാരായത്. ആദ്യ ഇന്നിങ്സിൽ 95 റൺസിന് ഓൾ ഔട്ടായ ലിറ്റിൽ മാസ്റ്റേഴ്സ് ക്ലബ്ബിനെതിരെ ആത്രേയ ക്ലബ്ബ് 264 റൺസ് നേടിയിരുന്നു. തുടർന്ന് 169 ലീഡ് വഴങ്ങിയ ലിറ്റിൽ മാസ്റ്റേഴ്സ് രണ്ടാം ഇന്നിങ്സിൽ 136 റൺസിന് ഓൾ ഔട്ടാവുകയായിരുന്നു.

ഏഴ് വിക്കറ്റിന് 111 റൺസെന്ന നിലയിലാണ് ലിറ്റിൽ മാസ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബ് അവസാന ദിവസം കളി തുടങ്ങിയത്. മൂന്ന് വിക്കറ്റുകൾ ശേഷിക്കെ ഇന്നിങ്സ് തോൽവി ഒഴിവാക്കാൻ 58 റൺസ് കൂടിയാണ് അവർക്ക് വേണ്ടിയിരുന്നത്. എന്നാൽ 25 റൺസ് കൂടി കൂട്ടിച്ചേർക്കുന്നതിനിടെ ശേഷിക്കുന്ന മൂന്ന് വിക്കറ്റുകൾ കൂടി നഷ്ടമാവുകയായിരുന്നു.



അഞ്ച് വിക്കറ്റ് വീഴ്ത്തിയ കെ എസ് നവനീതിന്റെ പ്രകടനമാണ് ആത്രേയ ബൌളിങ് നിരയിൽ ശ്രദ്ധേയമായത്. മൊഹമ്മദ് ഷഹീൻ മൂന്ന് വിക്കറ്റുകളും വീഴ്ത്തി. 38 റൺസെടുത്ത ക്യാപ്റ്റൻ ഇഷാൻ എം രാജാണ് രണ്ടാം ഇന്നിങ്സിൽ ലിറ്റിൽ മാസ്റ്റേഴ്സിന്റെ ടോപ് സ്കോറർ.
ആകെ ആറ് ടീമുകളായിരുന്നു ടൂർണ്ണമെന്റിൽ പങ്കെടുത്തത്. പ്രാഥമിക ഘട്ടത്തിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ ടീമുകളാണ് ഫൈനലിൽ ഏറ്റുമുട്ടിയത്. അഞ്ച് മത്സരങ്ങളിൽ നിന്ന് മൂന്ന് വിജയവുമായിട്ടായിരുന്നു ആത്രേയയും ലിറ്റിൽ മാസ്റ്റേഴ്സും ഫൈനലിലേക്ക് മുന്നേറിയത്.

ഫൈനലിൽ അഞ്ച് വിക്കറ്റ് നേട്ടം സ്വന്തമാക്കിയ കെ എസ് നവനീതാണ് പ്ലെയർ ഓഫ് ദി മാച്ച്. മൂന്ന് അഞ്ച് വിക്കറ്റ് പ്രകടനവും ഒരു സെഞ്ച്വറിയും അടക്കം ടൂർണ്ണമെന്റിലുടനീളം ബാറ്റിങ്ങിലും ബൌളിങ്ങിലും തിളങ്ങിയ നവനീത് തന്നെയാണ് ടൂർണ്ണമെന്റിന്റെ താരമായും തെരഞ്ഞെടുക്കപ്പെട്ടത്. രണ്ട് സെഞ്ച്വറികളടക്കം ടൂർണ്ണമെന്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ ആത്രേയ ക്രിക്കറ്റ് ക്ലബ്ബിന്റെ വിശാൽ ജോർജാണ് മികച്ച ബാറ്റർ. ആർഎസ്ജി എസ്ജി ക്രിക്കറ്റ് സ്കൂളിന്റെ ശിവദത്ത് സുധീഷാണ് മികച്ച ബൌളറായി തെരഞ്ഞെടുക്കപ്പെട്ടത്.

സ്കോർ ഒന്നാം ഇന്നിങ്സ് - ലിറ്റിൽ മാസ്റ്റേഴ്സ് ക്രിക്കറ്റ് ക്ലബ്ബ് - 95 റൺസിന് ഓൾ ഔട്ട് ആത്രേയ ക്രിക്കറ്റ് ക്ലബ്ബ് - ഒൻപത് വിക്കറ്റിന് 264
സ്കോർ രണ്ടാം ഇന്നിങ്സ് - ലിറ്റിൽ മാസ്റ്റേഴ്സ് - 136ന് ഓൾ ഔട്ട്.

## ഇരുചക്ര വാഹനങ്ങൾ കൂട്ടിയിടിച്ച് 44 കാരന് ദാരുണാന്ത്യം

കോട്ടയം: വൈക്കം തുറവേലിക്കുന്നിന് സമീപം ഇരുചക്ര വാഹനങ്ങൾ കൂട്ടി ഇടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. പടിഞ്ഞാറക്കര കോരേത്ത് വീട്ടിൽ അനീഷ് (44) ആണ് മരിച്ചത്.

ഗുരുതരമായി പരിക്കേറ്റ പടിഞ്ഞാറേക്കര എട്ടു പറയിൽ ഹരികൃഷ്ണനെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാത്രി എട്ട് മണിയോടെ യായിരുന്നു അപകടം.

മറ്റൊരു സംഭവത്തിൽ റോഡിൽ ബൈക്ക് തെന്നിവീണ് യാത്രക്കാരനായ യുവാവ് ബസിനടിയിൽപ്പെട്ട് മരിച്ചു. തലശ്ശേരി - വളവുപാറ റോഡിൽ ബംഗ്ലമൊട്ട വളവിനു സമീപം വൈകിട്ട് നാലരയോടെയാണ് അപകടമുണ്ടായത്.

കാസർകോട് പെരിയ സ്വദേശി വിഷ്ണുവാണ് (29) മരിച്ചത്. പാറാലിലെ മാർക്കറ്റിങ് ഏജൻസിയിൽ ജോലി ചെയ്യുകയാണ് വിഷ്ണു.

# ആയുഷ് രംഗത്ത് ഏറ്റവും അധികം വികസനം നടന്ന കാലഘട്ടം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: ആയുഷ് രംഗത്ത് ഏറ്റവും അധികം വികസനം നടന്ന കാലഘട്ടമാണ് ഇതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് രംഗത്തെ വലിയ മാറ്റത്തിനായി കൂട്ടായ പരിശ്രമം നടത്തി. പുതിയ തസ്തികകൾ, പുതിയ പ്രോജക്ടുകൾ അങ്ങനെ വലിയ വികസനം നടത്താനായി. ആയുഷ് മിഷൻ വഴി മുമ്പ് 23 കോടിയായിരുന്ന തുക ഇപ്പോളത് 210 കോടിയിലേക്ക് വർധിപ്പിക്കാനായി. പുതിയ ആശുപത്രികൾ സാധ്യമാക്കാനായി. വെൽനസിനും ചികിത്സയ്ക്കും പ്രാധാന്യം നൽകി. 14 ജില്ലകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രാധാന്യം നൽകിയെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തുടനീളം ആരംഭിച്ച 46 ഫിസിയോതെറാപ്പി യൂണിറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം കിഴക്കേക്കോട്ട ജില്ലാ ഹോമിയോ ആശുപത്രിയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.




ഗവേഷണ രംഗത്ത് വലിയ പ്രാധാന്യം നൽകി. ജനുവരിയിൽ ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടം പ്രവർത്തനസജ്ജമാക്കാൻ കഴിയും. ആയുഷ് സ്ഥാപനങ്ങളിൽ മുമ്പ് സ്റ്റാന്റൈഡസേഷൻ ഉണ്ടായിരുന്നില്ല. 250 ആയുഷ് ചികിത്സാ കേന്ദ്രങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ എൻഎബിഎച്ച് അംഗീകാരം ലഭ്യമാക്കാനായി. അടുത്ത 250 സ്ഥാപനങ്ങൾ എൻഎബിഎച്ച് നിലവാരത്തിലേക്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 10,000 ആയുഷ് യോഗ ക്ലബ്ബുകൾ സ്ഥാപിച്ചു.

2 കോടി രൂപ ചെലവിലാണ് ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 25 ആശുപത്രികളിലും ഹോമിയോപ്പതി വകുപ്പിന്റെ 21 ആശുപത്രികളിലുമാണ് പുതുതായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്. മികച്ച നിലവാരമുള്ള ഫിസിയോതെറാപ്പി ഉപകരണങ്ങൾക്കൊപ്പം ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ എന്നിവരുടെ സേവനവും ഓരോ യൂണിറ്റിലും ഉറപ്പാക്കും. ഇതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഹോമിയോപ്പതി ആശുപത്രികളിലും ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തന സജ്ജമാകും. രോഗികൾക്ക് കൂടുതൽ ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ മറ്റൊരു സാക്ഷാത്ക്കാരം കൂടിയാണിത്.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി സജിത്ത് ബാബു, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ഡോ. എംപി ബീന, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ടിഡി ശ്രീകുമാർ, ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം പ്രിൻസിപ്പൽ ആന്റ് കൺട്രോളിങ് ഓഫീസർ ഡോ. ടി.കെ. വിജയൻ, ഭാരതീയ ചികിത്സ വകുപ്പ് ജോ. ഡയറക്ടർ ഡോ. ഷീജ വി.പി., ഹോമിയോപ്പതി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. പ്രിയദർശിനി വി.കെ., നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഡോ. ആർ ജയനാരായണൻ, തിരുവനന്തപുരം ഹോമിയോപ്പതി ഡിഎംഒ പ്രിൻസി സെബാസ്റ്റ്യൻ, തിരുവനന്തപുരം ഐഎസ്എം ഡിഎംഒ മിനി എസ് പൈ എന്നിവർ പങ്കെടുത്തു.

പീപ്പിൾസ് റിവ്യൂ
സത്യാന്ന പ്രമദിതവ്യം
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

ദിനപത്രത്തിലും, ഓൺലൈൻ പോർട്ടലിലും, യൂട്യൂബിലും പരസ്യം നൽകാൻ വിളിക്കുക

PH:9037319971, 0495 2769086

വസ്തു പ്രമാണം, സർട്ടിഫിക്കറ്റുകൾ, മറ്റു രേഖകൾ, പേരുമാറ്റം തുടങ്ങിയ ക്ലാസിഫൈഡ്സ് പരസ്യങ്ങൾ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്.

OFFICE ADDRESS: Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com,

യൂട്യൂബ് ചാനൽ
https://www.youtube.com/channel/

ഓൺലൈൻ പോർട്ടൽ
www.peoplesreview.co.in

പീപ്പിൾസ് റിവ്യൂ PUBLICATIONS

# സാഹിത്യ നഗരത്തിന്റെ പാരമ്പര്യം അരക്കിട്ടുറപ്പിക്കണം

## ഏത് പ്രധാനമന്ത്രിയുടെ മുമ്പിലും ഇരിക്കാനുള്ള യോഗ്യത തനിക്കുണ്ടെന്നെ അഭിമാന ബോധം സാഹിത്യകാരനുണ്ടാകണം: എം എൻ കാരശ്ശേരി

കോഴിക്കോട് : ചരിത്രത്തിൽ സത്യത്തിന്റെ നഗരമായി തിളങ്ങിനിൽക്കുന്ന കോഴിക്കോടിന് യുനെസ്കോയുടെ സാഹിത്യനഗര പദവി ലഭിച്ചതിന് കാരണം നമ്മുടെ മഹത്തായ സാഹിത്യ പാരമ്പര്യമാണെന്ന് എം എൻ കാരശ്ശേരി പറഞ്ഞു. സാഹിത്യ നഗരത്തിന്റെ സാംസ്കാരിക സാധ്യതകൾ എന്ന വിഷയത്തിൽ പീപ്പിൾസ് റിവ്യു സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.




പഴയകാല സാഹിത്യചർച്ചകളും സാഹിത്യകാരന്മാരുടെ ഒത്തൊരുമയും വീണ്ടെടുത്ത് സാഹിത്യ നഗരപദവിയെന്ന സൗഭാഗ്യം നിലനിർത്താൻ നമുക്കാവണം. സാഹിത്യം മനുഷ്യനെ ഒന്നിപ്പിക്കുന്ന ഒന്നാണ്. മതങ്ങളെ പോലെയോ രാഷ്ട്രീയ പ്രസ്ഥാനങ്ങളെപോലെയോ വേർതിരിവുകളില്ല. സാഹിത്യം മാനവികതയുടെ ഉണർത്തുപാട്ടാണ്. രാജ്യം കണ്ട മഹാപ്രതിഭയായ എം എസ് സുബ്ബലക്ഷ്മിയുടെ സംഗീതം ശ്രവിച്ച് നെഹ്റു അവരെ അഭിനന്ദിച്ച് പറഞ്ഞത് താൻ വെറുമൊരു പ്രധാനമന്ത്രിയാണെന്നാണ്. ഇന്ന് രാഷ്ട്രീയക്കാർക്ക് മുമ്പിൽ സാഹിത്യകാരന്മാരും സാംസ്കാരിക പ്രവർത്തകരും ഓച്ഛാനിച്ച് നിൽക്കുകയാണ്. കലാമണ്ഡലം സന്ദർശിക്കാനെത്തിയ നെഹ്റുവിന് ഇരിക്കാൻ സംഘാടകർ ഒരുക്കിയ ഇരിപ്പിടത്തിൽ വള്ളത്തോൾ ഇരിക്കുകയും തുടർന്ന് സംഘാടകർ മറ്റൊരുകസേര സംഘടിപ്പിച്ച നെഹ്റുവിന് ഇരിപ്പിടമൊരുക്കിയതും ചരിത്രമാണ്. ഏത് പ്രധാന മന്ത്രിമാരുടെ മുമ്പിലും ഇരിക്കാനുള്ള യോഗ്യത തനിക്കുണ്ടെന്ന അഭിമാന ബോധം സാഹിത്യകാരനുണ്ടാവണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നവാഗതരായ എഴുത്തുകാരെ പുസ്തക പ്രസിദ്ധീകരിക്കുന്നതിന്റെ പേരിൽ പല പബ്ലിഷർമാരും ചൂഷണം ചെയ്യുന്നുവെന്നും സഹകരണസംഘങ്ങൾ മാതൃകയിൽ സംരംഭമാകാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ പീപ്പിൾസ് റിവ്യു മുഖ്യഉപദേഷ്ടാവും പ്രശസ്ത കവിയുമായ പി പി ശ്രീധരനുണ്ണി അധ്യക്ഷത വഹിച്ചു.

മുതിർന്ന മാധ്യമപ്രവർത്തകനും മലയാള മനോരമ മുൻ അസിസ്റ്റന്റ് എഡിറ്ററുമായ കെ എഫ് ജോർജ്, കോർപ്പറേഷൻ പ്രതിപക്ഷ നേതാവ് കെ സി ശോഭിത എന്നിവർ സംസാരിച്ചു. പിപ്പിൾസ് റിവ്യു മുഖ്യ പത്രാധിപർ പി ടി നിസാർ സ്വാഗതം പറഞ്ഞു. സാഹിത്യനഗരത്തിന്റെ ഉന്നതിക്കായി പീപ്പിൾസ് റിവ്യു നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുമെന്ന് പി ടി നിസാർ പറഞ്ഞു. എം കെ ബീരാൻ, രാജൻ തേഞ്ഞാപറമ്പത്ത് എന്നിവർ സംബന്ധിച്ചു. ആർ കെ ഇരവിൽ നന്ദി പറഞ്ഞു.

# വേടന് രാഷ്ട്രീയ സ്വാധീനം; വ്യക്തിവിവരങ്ങൾ പുറത്തുവിടുമെന്ന് ആശങ്ക, ലൈംഗികാതിക്രമ കേസിൽ കോടതിയെ സമീപിച്ച് യുവതി

കൊച്ചി: റാപ് ഗായകൻ ഹിരൺദാസ് മുരളിക്കെതിരെ (വേടൻ) ലൈംഗികാതിക്രമ പരാതി നൽകിയ യുവതി തന്നെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിടരുതെന്ന് പൊലീസിനു നിർദേശം നൽകണമെന്ന് ആവശ്യപ്പെട്ടു ഹൈക്കോടതിയെ സമീപിച്ചു. ഹർജി പരിഗണിച്ച ജസ്റ്റിസ് സി.പ്രതീപ് കുമാർ സർക്കാരിന്റെ വിശദീകരണം തേടി. ഹർജി ഇന്ന് വീണ്ടും പരിഗണിക്കും.



2020 ഡിസംബറിൽ ദലിത് സംഗീതത്തെക്കുറിച്ചുള്ള പഠനവുമായി ബന്ധപ്പെട്ട് വേടന്റെ താമസസ്ഥലത്തെത്തിയ ഹർജിക്കാരിയോട് ലൈംഗിക അതിക്രമം കാട്ടിയെന്നാണു മുഖ്യമന്ത്രിക്കു നൽകിയ പരാതിയിൽ ആരോപിക്കുന്നത്. മുഖ്യമന്ത്രി പരാതി പൊലീസിനു കൈമാറി. തുടർന്നു കേസ് റജിസ്റ്റർ ചെയ്തു. മൊഴി നൽകാനായി സ്റ്റേഷനിൽ എത്താൻ ഹർജിക്കാരിക്കു പൊലീസ് നോട്ടിസ് നൽകി. വേടന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനംമൂലം തന്റെ വിശദാംശങ്ങളും ആരോപണങ്ങളും ഉൾപ്പെടെ പരസ്യമാക്കാൻ സാധ്യതയുണ്ടെന്നു ഹർജിക്കാരി ആശങ്ക പ്രകടിപ്പിച്ചു.

പരാതിയിൽ മൊഴി നൽകാൻ വിളിപ്പിക്കാൻ പൊലീസിന് അധികാരമുണ്ടെങ്കിലും വ്യക്തിപരമായ വിവരങ്ങൾ പുറത്തുപോകുന്നതു തടയാൻ നോട്ടിസ് റദ്ദാക്കണമെന്നു ഹർജിയിൽ ആവശ്യപ്പെട്ടു. പ്രതിയിൽനിന്നും കൂട്ടാളികളിൽനിന്നും ഭീഷണിക്കും സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ, അതിക്രമത്തിന് ഇരയായവർക്കു നിയമം സംരക്ഷണം നൽകുന്നുണ്ട്. പരാതിയിൽ പ്രാഥമിക അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ, സ്റ്റേഷനിൽ ഹാജരാകാൻ നിർദേശിച്ചതിനു ന്യായമായ കാരണങ്ങൾ പൊലീസ് പറഞ്ഞിട്ടില്ലെന്നും ഹർജിക്കാരി അറിയിച്ചു.

# ഗുണ്ടാ സംഘവും പൊലീസും തമ്മിൽ ഏറ്റുമുട്ടൽ; ഡൽഹിയിൽ നാല് കൊടും കുറ്റവാളികളെ വെടിവെച്ച് കൊലപ്പെടുത്തി

ന്യൂഡൽഹി: ഡൽഹിയിൽ നാല് കൊടും കുറ്റവാളികളെ വെടിവെച്ച് കൊലപ്പെടുത്തിയതായി റിപ്പോർട്ടുകൾ. ബിഹാറിൽ നിന്നുള്ള ഗുണ്ടാ സംഘത്തിലെ അംഗങ്ങളാണ് ബിഹാർ, ഡൽഹി പൊലീസിന്റെ സംയുക്ത ഓപ്പറേഷനിലുണ്ടായ വെടിവെപ്പിൽ കൊല്ലപ്പെട്ടത്. പിടികൂടാൻ ശ്രമിച്ചതോടെ പ്രതികൾ പൊലീസിന് നേരെ വെടിയുതിർത്തു. തിരിച്ച നടത്തിയ വെടിവെപ്പിലാണ് നാല് പേർ കൊല്ലപ്പെട്ടതെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്. ബിഹാർ സ്വദേശികളായ രഞ്ജൻ പതക്, ബിംലേഷ് മഹ്തോ, മനീഷ് പതക്, അമൻ താക്കൂർ എന്നിവരാണ് കൊല്ലപ്പെട്ടത്.

# വടകര സ്വദേശിനിയുടെ കൊലപാതകം; യുവതിയെ ലോഡ്ജിൽ എത്തിച്ച ജീവനക്കാരൻ പിടിയിൽ, ബിയർ കുപ്പികൊണ്ട് കുത്തികൊന്നതെന്ന് നിഗമനം

കോഴിക്കോട് : തിരുവനതപുരം ആറ്റിങ്ങലിലെ ലോഡ്ജ് മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയ വടകര സ്വദേശിനിയുടെ കൊലപാതകത്തിൽ പ്രതി പിടിയിൽ. വടകര സ്വദേശി ആസ്മിനയെയാണ് ലോഡ്ജ് മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ആസ്മിനയെ ലോഡ്ജിൽ എത്തിച്ച ലോഡ്ജ് ജീവനക്കാരൻ ജോബി ജോർജ് ആണ് പിടിയിലായത്.

ബിയർ കുപ്പി കൊണ്ട് ശരീരമാസകലം കുത്തിയാണ് ആസ്മിനയെ കൊലപ്പെടുത്തിയതെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. പിടിയിലയായ ലോഡ്ജ് ജീവനക്കാരനായ ജോബിയാണ് ഇവരെ ലോഡ്ജിലേക്ക് കൊണ്ടുവന്നത്. ആസ്മിന തന്റെ ഭാര്യയാണെന്നാണ് ഇയാൾ സുഹൃത്തുക്കളെ പരിചയപ്പെടുത്തിയത്.



ബിയർ കുപ്പി കൊണ്ട് മാരകമായി മുറിവേൽപ്പിച്ചാണ് കുറ്റവാളി ആസ്മിനയെ കൊലപ്പെടുത്തിയിരിക്കുന്നത്. കൊലയ്ക്ക് പിന്നിൽ ജോബിയാകാമെന്ന സംശയത്തിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം പുരോഗമിക്കുന്നത്.

ആറ്റിങ്ങൽ മൂന്നുമുക്കിലുള്ള ഗ്രീൻ ലൈൻ ലോഡ്ജിലായിരുന്നു കൊലപാതകം നടന്നത്. മുറിയിൽ നിന്നും കൃത്യത്തിനു ഉപയോഗിച്ച ബിയർ കുപ്പി കണ്ടെടുത്തു. സംഭവം നടന്ന ശേഷം ഇയാൾ പുലർച്ചെ ലോഡ്ജ് വിടുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് ജോബിയെ കേന്ദ്രീകരിച്ച് അന്വേഷണം മുന്നോട്ടുപോകുന്നത്. കൊലപതകത്തിൽ മറ്റാർക്കെങ്കിലും പങ്കുണ്ടോയെന്നും പൊലീസ് അന്വേഷിച്ചു വരികയാണ്.

## ഭാര്യയ്ക്ക് മറ്റൊരു ബന്ധമുണ്ടെന്ന് സംശയം; കൊലപ്പെടുത്തി മൃതദേഹം വീടിനുള്ളിൽ കുഴിച്ചുമൂടി, പ്രതി അറസ്റ്റിൽ

ലഖ്നൗ: ഭാര്യയ്ക്ക് മറ്റൊരു ബന്ധമുണ്ടെന്ന് ആരോപിച്ച് കൊലപാതകം നടത്തി മൃതദേഹം വീടിനുള്ളിൽ കുഴിച്ചുമൂടിയ 48കാരൻ അറസ്റ്റിൽ. ഉത്തർപ്രദേശിലെ ബഹ്റൈച്ചിലാണ് ഹരികിഷൻ ഭാര്യ ഫൂലം ദേവിയെ കൊലപ്പെടുത്തിയത്. സംഭവത്തിൽ ഹരികിഷനെ അറസ്റ്റ് ചെയ്തതായി അഡീഷണൽ പൊലീസ് സൂപ്രണ്ട് വ്യക്തമാക്കി.

ഒക്ടോബർ ആറിനായിരുന്നു ഫൂലം ദേവിയെ കാണാതാവുന്നത്. ഇതെ തുടർന്ന്, അവരുടെ സഹോദരൻ പൊലീസിൽ പരാതി നൽകിയിരുന്നു. ഇതിന് ശേഷം ഹരികിഷന്റെ വീട്ടിലെത്തിയ സഹോദരൻ കട്ടിലിനടിയിൽ ഒരു കുഴി കുഴിച്ചിരിക്കുന്നതായി കണ്ടെത്തി. അദ്ദേഹം അറിയിച്ചതിനെ തുടർന്ന് പൊലീസ് സ്ഥലത്തെത്തുകയും മുറി കുഴിച്ച് നോക്കുകയും ചെയ്തു. പൊലീസിന്റെ തിരച്ചിലിൽ അഴുകിയ നിലയിലുള്ള ഫൂലൻ ദേവിയുടെ മൃതദേഹം കണ്ടെടുത്തു. ആറടി താഴ്ച്ചയിൽ കുഴിച്ചിട്ട നിലയിലായിരുന്നു മൃതദേഹമുണ്ടായിരുന്നത്. എന്നാൽ പൊലീസ് എത്തും മുൻപ് ഹരികിഷൻ വീട്ടിൽ നിന്നും ഓടി രക്ഷപ്പെട്ടിരുന്നു.

പിന്നീട് നടത്തിയ അന്വേഷണത്തിൽ പൊലീസ് ഇയാളെ കണ്ടെത്തി. ഹരിയാനയിൽ കൂലിപ്പണി ചെയ്യുന്നയാളാണ് ഹരികിഷൻ. അവധിക്ക് നാട്ടിലെത്തിയപ്പോളാണ് പ്രദേശത്ത് തന്നെയുള്ള ഗുഡ്ഡു എന്നയാളുമായി ഫൂലം ദേവിക്ക് പ്രണയമുണ്ടെന്ന് ഇയാൾക്ക് സംശയം തോന്നുന്നത്. ഇതിന്റെ പകയിലാണ് ഹരികിഷൻ ഭാര്യയെ കൊലപ്പെടുത്തിയത്. പ്രതിയെ കോടതിയിൽ ഹാജറാക്കി റിമാൻഡ് ചെയ്തതായി പൊലീസ് അറിയിച്ചു.

# സ്വകാര്യ ടൂറിസ്റ്റ് ഹോമിലെ മുറിയിൽ നിന്ന് എംഡിഎംഎയുമായി യുവാവ് പിടിയിൽ

മലപ്പുറം: മലപ്പുറം നഗരമധ്യത്തിലെ സ്വകാര്യ ടൂറിസ്റ്റ് ഹോമിലെ മുറിയിൽ നിന്ന് എംഡിഎംഎയുമായി യുവാവ് പിടിയിൽ. മലപ്പുറം കെ പുരം താമരക്കുളം സ്വദേശി ചെറുപുരക്കൽ ഹസ്കർ (37) ആണ് പിടിയിലായത്. ഇയാളിൽ നിന്ന് 2.58 ഗ്രാം എംഡിഎംഎ പൊലീസ് കണ്ടെടുത്തു.



രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് ടൂറിസ്റ്റ് ഹോമിലെത്തി പരിശോധന നടത്തിയത്. അറസ്റ്റ് രേഖപ്പെടുത്തി വൈദ്യ പരിശോധനയ്ക്ക് ശേഷം കോടതിയിൽ ഹാജരാക്കിയ പ്രതി ഹസ്കറിനെ 14 ദിവസത്തേക്ക് കോടതി ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. ഇയാളെ തിരൂർ സബ് ജയിലിലേക്ക് മാറ്റിയെന്ന് പൊലീസ് അറിയിച്ചു.

മലപ്പുറം ഡിവൈഎസ്പി പി.പ്രമോദിന്റെ നിർദേശപ്രകാരമാണ് താനൂർ പൊലീസ് സ്വകാര്യ ടൂറിസ്റ്റ് ഹോമിൽ പരിശോധനക്ക് എത്തിയത്. താനൂർ പൊലീസ് ഇൻസ്പെക്ടർ കെ.ടി.ബിജിത്ത്, എസ്.ഐ സുജിത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പരിശോധന നടത്തിയത്.

ഇൻസ്പെക്ടർ കെ.ടി. ബിജിത്തിനാണ് കേസിന്റെ അന്വേഷണ ചുമതല. എ.എസ്.ഐ നിഷ, സി.പി.ഒമാരായ അനീഷ്, അനിൽ കുമാർ, മുസ്തഫ, ബിജോയ്, പ്രബീഷ് എന്നിവരും അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

# അസമിൽ റെയിൽവേ ട്രാക്കിൽ സ്ഫോടനം: പൊട്ടിത്തെറിച്ചത് ഐഇഡി; ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു



ദിസ്പുർ: അസമിലെ കൊക്രജാർ ജില്ലയിൽ റെയിൽവേ ട്രാക്കിൽ സ്ഫോടനം. കൊക്രജാർ റെയിൽവേ സ്റ്റേഷന് കിഴക്ക് അഞ്ചു കിലോമീറ്റർ മാറിയാണ് ഐഇഡി (ഇംപ്രൊവൈസ്ഡ് എക്സ്പ്ലോസീവ് ഡിവൈസ്) പൊട്ടിത്തെറിച്ചത്. കൊക്രജാർ, സലാകാത്തി സ്റ്റേഷനുകൾക്കിടയിലാണ് സംഭവം. അർധരാത്രി ഒരു മണിയോടെയായിരുന്നു സംഭവം. സ്ഫോടനം നടക്കുന്ന സമയം ഗുഡ്സ് ട്രെയിൻ കടന്നുപോവുകയായിരുന്നതിനാൽ ആളപായം ഒഴിവായി.

“വലിയൊരു കുലുക്കമുണ്ടായതിനു പിന്നാലെ ട്രെയിൻ നിന്നു എന്ന് ട്രെയിൻ മാനേജർ അറിയിച്ചു. പരിശോധിച്ചപ്പോൾ ട്രാക്കുകൾ തകർന്നതായി കണ്ടെത്തി. ബോംബ് സ്ഫോടനം ആണെന്നാണ് കരുതുന്നത്.” നോർത്ത് ഈസ്റ്റ് ഫ്രോണ്ടിയർ റെയിൽവേ (എൻഎഫ്ആർ) വാർത്താക്കുറിപ്പിൽ അറിയിച്ചു. നിരവധി ട്രെയിനുകൾ അടുത്തുള്ള സ്റ്റേഷനുകളിൽ നിർത്തി ഇട്ടിരിക്കുകയായിരുന്നു. നൂറുകണക്കിന് യാത്രക്കാർ ദുരിതത്തിലായി. ആരാണ് ആക്രമണത്തിനു പിന്നിലെന്ന് വ്യക്തമായിട്ടില്ല. സംസ്ഥാന പൊലീസും ആർപിഎഫും രഹസ്യാന്വേഷണ ഏജൻസികളും അന്വേഷണം നടത്തുന്നുണ്ട്. പുലർച്ചെ 5.25ന് ട്രാക്ക് പൂർവസ്ഥിതിയിലാക്കി ഗതാഗതം പുനഃസ്ഥാപിച്ചു. മേഖലയിൽ പട്രോളിങ് ശക്തമാക്കിയിട്ടുണ്ട്.

# ഈ മാസത്തെ ക്ഷേമപെൻഷൻ 27 മുതൽ

തിരുവനന്തപുരം: ഒക്ടോബറിലെ സാമൂഹ്യസുരക്ഷ, ക്ഷേമനിധി പെൻഷനുകൾ 27 ന് വിതരണം തുടങ്ങും. ഇതിനായി 812 കോടി അനുവദിച്ചതായി ധനകാര്യമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ലഭിക്കുന്നത്.


26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. 8.46 ലക്ഷം പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാരാണ് നൽകേണ്ടത്. ഇതിനാവശ്യമായ 24. 21 കോടി രൂപയും സംസ്ഥാനം മുൻകൂർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ വിഹിതം കേന്ദ്ര സർക്കാരിന്റെ പിഎഫ്എംഎസ് സംവിധാനം വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടത്. ഈ സർക്കാർ ഇതുവരെ 43,653 കോടി രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിനായി ചെലവിട്ടത്.

## സംസ്ഥാനത്ത് മഴ തുടരും; ഇന്ന് വിവിധ ജില്ലകളിൽ യെല്ലോ അലേർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. അറബിക്കടലിൽ തീവ്ര ന്യൂനമർദ്ദവും ബംഗാൾ ഉൾക്കടലിൽ ശക്തി കൂടിയ ന്യൂനമർദ്ദവും നിലനിൽക്കുന്ന സാഹചര്യത്തിലാണിത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് യെല്ലോ അലേർട്ടാണ്. മറ്റുജില്ലകളിൽ മഴ മുന്നറിയിപ്പില്ല. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ നാളെ യെല്ലോ അലേർട്ടാണ്.

ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അർത്ഥമാക്കുന്നത്. ഇടിമിന്നലോടു കൂടിയ മഴയാണ് പ്രതീക്ഷിക്കുന്നത്.







RNI No.35157/10, Printer, Publisher & Chief Editor P.T.Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp.HP Petrol Pump, West Nadakkavu, Calicut -673011, Email:peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode